# ആരോഗ്യ കേരളം

arogyakeralam newsletter

October 2025

Follow us on

arogyakeralam.gov.in





# ആർദ്ര കേരളം പുരസ്കാരം പ്രഖ്യാപിച്ചു

(2023-24)

(വാർത്ത പേജ് 12 ൽ)

ഹൃദയപൂർവം: ഹൃദയാഘാത പ്രഥമ ശുശ്രൂഷാ (സിപിആർ) പരിശീലന ബോധവത്ക്കരണ ക്യാമ്പയിൻ

# ആരോഗ്യ രംഗത്തെ മറ്റൊരു മാതൃകയാകും ഹൃദയപൂർവം പദ്ധതി: മുഖ്യമന്ത്രി




തിരുവനന്തപുരം: ആരോഗ്യ രംഗത്ത് വലിയ രീതിയിലുള്ള ജനകീയ മുന്നേറ്റങ്ങളിലൂടെ മാതൃകയായ സംസ്ഥാനമാണ് കേരളമെന്നും അത്തരം മാതൃകയിലൂടെ കൂട്ടിച്ചേർക്കപ്പെടുന്ന ഒന്നാകും ഹൃദയപൂർവം പദ്ധതിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നമ്മുടെ യുവജനങ്ങളേയും മുൻനിര തൊഴിൽ വിഭാഗങ്ങളേയും പ്രഥമ ശുശ്രൂഷ നൽകാൻ പ്രാപ്തരാക്കുക, ഹൃദയസ്തംഭനത്തിന്റെ ലക്ഷണങ്ങൾ തിരിച്ചറിയാനുള്ള അവബോധം സൃഷ്ടിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. 200 സ്ഥലങ്ങളിലാണ് ഇന്ന് സംസ്ഥാനത്ത് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്. തുടർന്ന് സ്കൂളുകളിലും സർക്കാർ സ്ഥാപനങ്ങളിലും പ്രാദേശിക കേന്ദ്രങ്ങളിലും പരിപാടികൾ സംഘടിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഹൃദയാഘാത പ്രഥമ ശുശ്രൂഷാ (സി.പി. ആർ : കാർഡിയോ പൾമണറി റെസെസിറ്റേഷൻ) പരിശീലന ബോധവത്ക്കരണ ക്യാമ്പയിൻ 'ഹൃദയപൂർവം' സംസ്ഥാനതല ഉദ്ഘാടനം നിയമസഭയിലെ ശങ്കര നാരായണൻ തമ്പി ഹാളിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഹൃദയ സ്തംഭനം കൊണ്ടുള്ള പെട്ടന്നുണ്ടാകുന്ന മരണങ്ങൾ കുറയ്ക്കാനായി പൊതുജനങ്ങൾക്ക് പ്രഥമ ശുശ്രൂഷയിൽ പരിശീലനം നൽകുന്നതാണ് ഹൃദയപൂർവം പദ്ധതി. ഹൃദയസ്തംഭനം ഉണ്ടായ ഒരാൾക്ക് പ്രഥമ ശുശ്രൂഷ, പെട്ടെന്ന് തന്നെ നൽകുന്ന ഒരു മാർഗമാണ് സി.പി.ആർ ഈ പരിശീലനത്തിലൂടെ പൊതുസമൂഹത്തെ പ്രാപ്തമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. നമ്മുടെ നാട്ടിലെ ഹൃദ്രോഗ നിരക്കിൽ വലിയ വർധനവ് ഉണ്ടാകുന്നു എന്നത് ആശങ്കകൾ ഉളവാക്കുന്ന കാര്യമാണ്. ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനും രോഗനിവാരണത്തിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനോടൊപ്പം തന്നെ രോഗ ശുശ്രൂഷയെ കുറിച്ച് പൊതുസമൂഹത്തെ ബോധവത്ക്കരിക്കാനാണ് ശ്രമിക്കുന്നത്.

കുഴഞ്ഞ് വീണ് ഉണ്ടാകുന്ന മരണങ്ങളിൽ, ചിലർക്കെങ്കിലും കൃത്യസമയത്ത് പ്രഥമ ശുശ്രൂഷ കിട്ടിയിരുന്നെങ്കിൽ അവരെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരുവാൻ സാധിക്കുമായിരുന്നു. മതിയായ പരിശീലനം ലഭിച്ച ആരും സമീപത്ത് ഇല്ലാതിരുന്നത് കൊണ്ടാണ് അത് സംഭവിച്ചത്. അത്തരം ഒരു ദുരവസ്ഥ ഇനിയുണ്ടാകാൻ പാടില്ല. അത് കൂടി ലക്ഷ്യം വച്ചാണ് ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സിപിആർ ജനകീയ ക്യാമ്പയിൻ കേരളത്തിലെമ്പാടും സംഘടിപ്പിക്കുന്നത് അഭിനന്ദനീയമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സ്പീക്കർ എ.എൻ. ഷംസീർ പറഞ്ഞു. എല്ലാവരും അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യമാണിത്. ഇത്തരമൊരു പരിശീലനത്തിന് മുന്നോട്ടുവന്ന എല്ലാവരേയും സ്പീക്കർ അഭിനന്ദിച്ചു.

ലോക ഹൃദയ ദിനത്തിൽ അനിവാര്യമായ ഒരു പ്രവർത്തനത്തിനാണ് തുടക്കമിടുന്നതെന്ന് ചടങ്ങിൽ സ്വാഗതം ആശംസിച്ച ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. നമ്മുടെ കൺമുമ്പിൽ പ്രിയപ്പെട്ടവർ

(പേജ് 2 ൽ തുടർന്ന് വായിക്കുക)



# ആരോഗ്യ രംഗത്തെ മറ്റൊരു മാതൃകയാകും ഹൃദയപൂർവം പദ്ധതി: മുഖ്യമന്ത്രി



വീണ് മരിക്കുന്ന ഒട്ടേറെ സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അതൊരു തീരാവേദനയാണ്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഹൃദയമിടിപ്പ് വീണ്ടെടുക്കുന്നതിന് വേണ്ടിയുള്ള ഒരു ഇടപെടൽ സാധാരണക്കാരായ ജനങ്ങൾക്ക് സാധ്യമാണ്. ലോക ഹൃദയ ദിനത്തിൽ ഇതിന്റെ അനിവാര്യത കണ്ടുകൊണ്ടാണ് സംസ്ഥാന സർക്കാർ ഈയൊരു ജനകീയ ഇടപെടൽ നടത്തുന്നത്. ഹൃദയസ്തംഭനവുമായി ആശുപത്രികളിൽ എത്തുന്നവരിലെ മരണനിരക്ക് മുമ്പ് 30 ശതമാനമായിരുന്നെങ്കിൽ ഇപ്പോളത് 6 ശതമാനത്തിൽ താഴെയാണ്. ആശുപത്രികളിലെത്തുന്നതിന് മുമ്പ് നടക്കുന്ന ഹൃദയസ്തംഭനങ്ങളിൽ ഇത്തരത്തിലുള്ള ജനകീയ ഇന്റർവെൻഷനിലൂടെ ഹൃദയമിടിപ്പ് വീണ്ടെടുക്കാൻ സാധിക്കും. പദ്ധതിയുമായി സഹകരിച്ച ഐ.എം.എയ്ക്ക് നന്ദി അറിയിക്കുന്നതായും മന്ത്രി പറഞ്ഞു.

മന്ത്രിമാരായ കെ. രാജൻ, കെ. കൃഷ്ണൻകുട്ടി, കടന്നപ്പള്ളി രാമചന്ദ്രൻ, എ.കെ. ശശീന്ദ്രൻ, ജി.ആർ. അനിൽ, നിയമസഭാ സെക്രട്ടറി കൃഷ്ണകുമാർ, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ഐ.എം.എ പ്രസിഡന്റ് ശ്രീവത്സൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. എം.എൽ.എമാർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, നിയമസഭാ ജീവനക്കാർ, ഡോക്ടർമാർ, ഐഎംഎ പ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായി.

ഉദ്ഘാടനത്തിന് ശേഷം നിയമസഭാ സാമാജികർക്കും ജീവനക്കാർക്കുമുള്ള പരിശീലനം നടത്തി. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും 200ലധികം കേന്ദ്രങ്ങളിൽ പരിശീലനം നടന്നു.

## ഒ.പി ബുക്കിങ് ഇനി വിരൽത്തുമ്പിൽ

# മുമ്മുള്ളിക്ക് സഹായമായി ഇ-ഹെൽത്ത്



മലപ്പുറം: മുമ്മുള്ളി നഗര കുടുംബാരോഗ്യകേന്ദ്രത്തിൽ ഇ–ഹെൽത്ത് കാർഡ് ലഭ്യമാകുന്നതോടു കൂടി പ്രദേശത്തെ ജനങ്ങൾക്ക് ക്യൂ നിൽക്കാതെ ഒ.പി ബുക്കിങ് സാധ്യമാകുന്നു. ഇ–ഹെൽത്ത് കാർഡ് വിതരണവും സത്രീ ക്ലിനിക്കിന്റെ ഉദ്ഘാടനവും കായിക വഖഫ് ഹജ്ജ് വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ നിർവഹിച്ചു. ചടങ്ങിൽ നിലമ്പൂർ നഗരസഭാ ചെയർമാൻ മാട്ടുമ്മൽ സലീം അദ്ധ്യക്ഷനായി. ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനൂപ് ടി എൻ മുഖ്യാതിഥിയായി .

**ഇ– ഹെൽത്ത് കാർഡ് ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന നേട്ടങ്ങൾ**

ഇ–ഹെൽത്ത് പദ്ധതിയുടെ ഭാഗമായി നൽകുന്ന യു.എച്ച്.ഐ.ഡി കാർഡിലൂടെ ചികിത്സകൾ ഡിജിററലൈസ് ചെയ്യാൻ സാധിക്കുന്നു. ആധാർ കാർഡ്, മൊബൈൽ ഫോൺ എന്നിവയിലൂടെ പെർമനന്റ് രജിസ്ട്രേഷൻ നടത്തിയാൽ പ്രൈമറി തലം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ചികിത്സ ഏക പ്ലാറ്റ് ഫോമിലൂടെ ലഭ്യമാകും. കേരളത്തിലെ ഏത് സർക്കാർ ആശുപത്രിയിൽ നിന്നും ചികിത്സയുടെ നടത്തിയ ടെസ്റ്റുകളുടെയും വിവരം ലഭിക്കും.

ഇ–ഹെൽത്ത് സാധ്യമായതോടെ ഒപി രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിങ്, ക്യൂ മാനേജ്മെന്റ്, കൺസൾട്ടേഷൻ എന്നിവക്ക് പുറമെ ഹെൽത്ത് കാർഡ് വഴി ലാബിലെ പരിശോധന റിപ്പോർട്ടുകളും മുൻകാല ചികിത്സാ വിവരങ്ങളും ഡോക്ടറുടെ കമ്പ്യൂട്ടറിൽ നേരിട്ട് ലഭ്യമാകുന്നു. ഇ–ഹെൽത്ത് സാധ്യമായതിലൂടെ ഓപികളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും സാധ്യമാകുന്നു.

**സ്ത്രീക്ലിനിക്കുകൾ സുസജ്ജം**

ആരോഗ്യകേരളത്തിന്റെ ഏറ്റവും പുതിയ ചുവടുവയ്പ്പായ സ്ത്രീ ക്ലിനിക്കുകളിലൂടെ സ്ത്രീകളുടെ വിളർച്ചാ പരിശോധന, പ്രമേഹ, രക്തസമ്മർദ്ദ പരിശോധനകൾ, വായിലെ കാൻസർ, ഗർഭാശയഗള കാൻസർ ഉൾപ്പെടെ 10 തരം പരിശോധനകളും, ഗർഭിണികൾക്കുള്ള ഫോളിക് ആസിഡ്, അയൺ, കാൽസ്യം ഗുളികകൾ ഉൾപ്പെടെ 36തരം മരുന്നുകൾ, കുഞ്ഞുങ്ങൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾ തുടങ്ങിയവ സൗജന്യമായി നൽകിവരുന്നുണ്ട്. സമൂഹതലത്തിൽ അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ചും സ്ത്രീകൾക്കായി പ്രത്യേക പരിശോധനകൾ, വിദഗ്ധ ഡോക്ടർമാരുടെ സേവനങ്ങൾ, ബോധവത്കരണം എന്നിവ കാമ്പയിന്റെ ഭാഗമായി നടക്കുന്നു.

## സ്ത്രീ ക്ലിനിക്കുകൾ

# സംസ്ഥാനത്തെ സ്ത്രീകൾക്കുള്ള സമർപ്പണം: മന്ത്രി വീണാ ജോർജ്

### സ്ത്രീകളുടെ ആരോഗ്യം കുടുംബത്തിന്റെ കരുത്ത്



തിരുവനന്തപുരം: സ്ത്രീ ക്ലിനിക്കുകൾ സംസ്ഥാനത്തെ സ്ത്രീകൾക്കുള്ള സമർപ്പണമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്ത്രീകളുടെ ആരോഗ്യം കുടുംബത്തിന്റെ കരുത്താണ്. ശാരീരികമായ ബുദ്ധിമുട്ടുകൾ ആരും അവഗണിക്കരുത്. ജീവിതത്തിന്റെ മുൻഗണനയിൽ ആരോഗ്യവും ഉൾപ്പെടണം. 6 മാസത്തിലൊരിക്കൽ ആരോഗ്യ പരിശോധന നടത്തണം. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പൊതുജനാരോഗ്യ സംവിധാനത്തെ മെച്ചപ്പെടുത്തും. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എല്ലാ ചൊവ്വാഴ്ചയും സ്ത്രീകൾക്കായി സമർപ്പിക്കുന്നു. സ്ത്രീ ക്ലിനിക്കിലൂടെ രോഗപ്രതിരോധത്തോടൊപ്പം ആരോഗ്യമുള്ള ശരീരവും മനസുമാണ് ലക്ഷ്യമിടുന്നത്. കാൻസർ സ്ക്രീനിംഗിലും പരിശീലനം സിദ്ധിച്ചവരാണ് ഇവിടെയുള്ളത്. 5415 ജനകീയാരോഗ്യ കേന്ദ്രങ്ങളിലും 322 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും 102 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പരിശോധനാ സൗകര്യമുണ്ട്. സ്ത്രീസംബന്ധമായ പ്രശ്നങ്ങളും ഇവിടെ പരിഹരിക്കുന്നാവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം പള്ളിത്തുറ ജനകീയാരോഗ്യ കേന്ദ്രത്തിൽ സ്ത്രീ ക്ലിനിക്കുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ആർദ്രം മിഷനിലൂടെ 10 കാര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയത്. രോഗ പ്രതിരോധവും രോഗ നിർമ്മാർജനവും അതിൽ പ്രധാനമാണ്. സ്ത്രീകൾ അവരവരുടെ ആരോഗ്യത്തിന് എത്ര പ്രാധാന്യമാണ് നൽകുന്നതെന്ന് ഓർക്കണം. കാൻസർ എന്ന് കേൾക്കുമ്പോൾ പലർക്കും ഭയമാണ്. ലക്ഷണം കാണുന്നെങ്കിലും അവഗണിക്കും. ഭയം കാരണം പലരും പരിശോധിക്കുന്നില്ല. രാജ്യത്ത് ഏറ്റവും ആയുർദൈർഘ്യമുള്ള സംസ്ഥാനം കേരളമാണ്. എത്രനാൾ ജീവിച്ചാലും ഗുണനിലവാരമുള്ള ജീവിതം നയിക്കണമെങ്കിൽ ആരോഗ്യം ഉറപ്പാക്കണം.

വിളർച്ച പരിഹരിക്കുന്നതിന് വിവ കേരളം പദ്ധതി നടപ്പിലാക്കി. രോഗ പ്രതിരോധം വളരെ പ്രധാനമാണ്. 30 വയസിന് മുഴുവൻ ആളുകളിലും ജീവിതശൈലീ സ്ക്രീനിംഗ് നടത്തണം. കാൻസർ സ്ക്രീനിംഗിന്റെ ഭാഗമായി 18.5 ലക്ഷത്തോളം പേരെ സ്ക്രീൻ ചെയ്തു. അതിൽ 235 പേർക്ക് സ്തനാർബുദവും 71 പേർക്ക് സെർവിക്കൽ കാൻസറും 35 പേർക്ക് വായിലെ കാൻസറും കണ്ടെത്തി. കാൻസർ നേരത്തെ കണ്ടെത്തിയാൽ ചികിത്സിച്ച് ഭേദമാക്കാം. പ്രാരംഭഘട്ടത്തിലാണെങ്കിൽ വളരെ കുറഞ്ഞ ചെലവിൽ ചികിത്സിക്കാനാകുമെന്നും മന്ത്രി പറഞ്ഞു.

കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ മേടയിൽ വിക്രമൻ, കൗൺസിലർ ശ്രീദേവി എ, പള്ളിത്തുറ പാരിഷ് പ്രീസ്റ്റ് ഫാ. ബിനു അലക്സ്, അഡീഷണൽ ഡയറക്ടർമാരായ ഡോ. വി മീനാക്ഷി, ഡോ. റീത്ത കെപി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ഡോ. ബിപിൻ ഗോപാൽ, എസ്പിഎം ഡോ. ബിജോയ്, ഡിപിഎം ഡോ. അനോജ്, നോഡൽ ഓഫീസർമാരായ ഡോ. രാഹുൽ യു.ആർ, ഡോ. മഹേഷ് എൻ, ഡോ. എബി സൂഷൻ, ഡോ. ലിപ്സി പോൾ, ഡോ. ശിൽപ ബാബു തോമസ്, കേന്ദ്ര ഒബ്സർവർ മദൻ ഗോപാൽ, ഡോ. അർനോൾഡ് ദീപക്, ഡോമി ജോൺ തുടങ്ങിയവർ പങ്കെടുത്തു.



ജീവനേകാം ജീവനാകാം

# ബിൽജിത്ത് പുതുജീവനായത് എട്ട് പേർക്ക്



വാഹനാപകടത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച ബിൽജിത്ത് ബിജുവിന്റെ (18) ഹൃദയം ഉൾപ്പെടെ 8 അവയവങ്ങൾ ദാനം ചെയ്തു. എറണാകുളം നെടുമ്പാശ്ശേരി മള്ളുശ്ശേരി പാലമറ്റം വീട്ടിൽ ബിൽജിത്ത് ബിജുവിന്റെ ഹൃദയം ഉൾപ്പടെ 8 അവയവങ്ങളാണ് ദാനം ചെയ്തത്. കാലടി ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജിയിലെ ഒന്നാം വർഷ എഞ്ചിനീയറിങ് വിദ്യാർത്ഥിയാണ് ബിൽജിത്ത്. തീവ്രദു:ഖത്തിലും അവയവദാനത്തിന് സന്നദ്ധരായ ബന്ധുക്കളെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു. ബിൽജിത്ത് ബിജുവിന് മന്ത്രി ആദരാഞ്ജലികൾ അർപ്പിക്കുകയും കുടുംബത്തിന്റെ വേദനയിൽ പങ്കുചേരുകയും ചെയ്തു.

ഹൃദയം, രണ്ട് വൃക്ക, കരൾ, ചെറുകുടൽ, പാൻക്രിയാസ്, രണ്ട് നേത്രപടലങ്ങൾ എന്നിവയാണ് ദാനം ചെയ്തത്. ഒരു വൃക്ക കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിനും ഒരു വൃക്ക എറണാകുളം രാജഗിരി ആശുപത്രിയ്ക്കും കരളും ചെറുകുടലും പാൻക്രിയാസും എറണാകുളം അമൃത ആശുപത്രിയ്ക്കും രണ്ട് നേത്രപടലങ്ങൾ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയ്ക്കുമാണ് നൽകിയത്.

സെപ്റ്റംബർ രണ്ടിന് നെടുമ്പാശ്ശേരി കരിയാട് ദേശീയ പാതയിൽ രാത്രി ബിൽജിത്ത് സഞ്ചരിച്ച ബൈക്കിൽ ലോറി ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ബൈക്ക് നിയന്ത്രണം വിട്ട് പോസ്റ്റിലിടിച്ചു. ഗുരുതരമായി പരിക്കേറ്റ ബിൽജിത്തിനെ ഉടൻതന്നെ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്നാൽ, സെപ്റ്റംബർ 12ന് ബിൽജിത്തിന് മസ്തിഷ്ക മരണം സ്ഥിരീകരിക്കുകയായിരുന്നു. തുടർന്ന്, അദ്ദേഹത്തിന്റെ ബന്ധുക്കൾ അവയവദാനത്തിന് സമ്മതം നൽകുകയായിരുന്നു. കെ–സോട്ടോയുടെ നേതൃത്വത്തിലാണ് അവയവദാന നടപടിക്രമങ്ങളും ഏകോപനവും പൂർത്തിയായത്.

ബിൽജിത്തിന്റെ അച്ഛൻ ബിജു പാലമറ്റം, അമ്മ ലിന്റ, സഹോദരൻ ബിവൽ (ഒൻപതാം ക്ലാസ് വിദ്യാർത്ഥി) എന്നിവരാണ് കുടുംബാംഗങ്ങൾ.

ജീവനേകാം ജീവനാകാം

# 6 പേർക്ക് ജീവനേകി ഐസക് ജോർജ്

തിരുവനന്തപുരം: വാഹനാപകടത്തെ തുടർന്ന് മസ്തിഷ്ക മരണം സംഭവിച്ച ഐസക് ജോർജിന്റെ അവയവങ്ങൾ ആറുപേർക്ക് പുതുജീവൻ നൽകി. കൊല്ലം കൊട്ടാരക്കര ബഥേൽ ചരുവിള വടവോട് സ്വദേശി ഐസക് ജോർജിന്റെ (33) ഹൃദയം ഉൾപ്പടെയുള്ള 6 അവയങ്ങളാണ് ദാനം ചെയ്തത്. ഒരു വൃക്ക തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്, 2 നേത്രപടലങ്ങൾ തിരുവനന്തപുരം സർക്കാർ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി, മറ്റൊരു വൃക്കയും കരളും തിരുവനന്തപുരം കിംസ് ആശുപത്രി എന്നിവിടങ്ങളിലെ രോഗികൾക്കാണ് നൽകിയത്.

തീവ്രദുഃഖത്തിലും അവയവം ദാനം ചെയ്യാൻ സന്നദ്ധരായ ബന്ധുക്കളെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു. അതോടൊപ്പം ഐസക് ജോർജിന് ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു. അവയവ വിന്യാസം വേഗത്തിലാക്കിയ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ സോട്ടോ), പോലീസ് സേന, ജില്ലാ ഭരണകൂടങ്ങൾ, ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ, ആംബുലൻസ് ജീവനക്കാർ, പൊതുജനങ്ങൾ തുടങ്ങിയ എല്ലാവർക്കും മന്ത്രി നന്ദി അറിയിച്ചു.

മന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരം അവയവങ്ങൾ എത്രയും പെട്ടെന്ന് അതാത് ആശുപത്രികളിൽ എത്തിക്കാൻ കെ–സോട്ടോയുടെ നേതൃത്വത്തിലാണ് നടപടി സ്വീകരിച്ചത്. എറണാകുളത്ത് എത്രയും പെട്ടെന്ന് ഹൃദയം എത്തിക്കാൻ മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ആഭ്യന്തര വകുപ്പിന്റെ ഹെലികോപ്റ്റർ ആണ് ഉപയോഗിച്ചത്. റോഡ് മാർഗമുള്ള ഗതാഗതവും പോലീസ് ക്രമീകരിച്ചിരുന്നു. കെ സോട്ടോയുടെ നേതൃത്വത്തിലാണ് അവയവ കൈമാറ്റ നടപടിക്രമങ്ങളും ഏകോപനവും നടന്നത്.

കൊട്ടാരക്കര കിഴക്കേത്തെരുവ് പള്ളിമുക്കിൽ സെപ്റ്റംബർ ആറിന് രാത്രി 8 മണിയോടെ ഐസക് നടത്തുന്ന പള്ളിമുക്കിലെ റസ്റ്റോറന്റിന് മുൻവശത്ത് റോഡ് മുറിച്ച് കടക്കവേ ബൈക്ക് ഇടിച്ച് അപകടം സംഭവിച്ചത്. ഗുരുതരമായി പരിക്കേറ്റ ഐസകിനെ ഉടൻ തന്നെ അടുത്തുള്ള കൊട്ടാരക്കര ആശുപത്രിയിൽ എത്തിക്കുകയും തുടർ ചികിത്സയ്ക്കായി തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിക്കുകയുമായിരുന്നു. സെപ്റ്റംബർ 10ന് മസ്തിഷ്ക മരണം സ്ഥിരീകരിച്ചതിനെ തുടർന്ന് കുടുംബാംഗങ്ങൾ അവയവദാനത്തിന് സന്നദ്ധരാവുകയായിരുന്നു.

ഭാര്യ നാൻസി മറിയം സാം, രണ്ട് വയസ്സുള്ള മകൾ അമീലിയ നാൻസി ഐസക്, സി.വൈ. ജോർജ് കുട്ടി (ലേറ്റ്), മറിയാമ്മ ജോർജ് എന്നിവരാണ് ഐസക്കിന്റെ കുടുംബാംഗങ്ങൾ.



കേരളത്തിന്റെ

# ശിശു മരണ നിരക്ക് യുഎസിനേക്കാൾ കുറവ്

കേരളം വികസിത രാജ്യങ്ങളേക്കാൾ കുറവിലെത്തുന്നത് ചരിത്രത്തിലാദ്യം



കേരളത്തിലെ ശിശു മരണനിരക്ക് 5 ആണെന്ന് ഏറ്റവും പുതിയ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട്. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ശിശു മരണ നിരക്കാണിത്. 25 ആണ് ദേശീയ ശരാശരി. അമേരിക്കൻ ഐക്യനാടുകളിലെ ശിശു മരണ നിരക്ക് 5.6 ആണ്. വികസിത രാജ്യത്തിനും താഴെയാണ് ഇപ്പോൾ കേരളത്തിലെ ശിശു മരണനിരക്ക്. ഈ അഭിമാന നേട്ടത്തിന് ഒപ്പം പ്രവർത്തിച്ച എല്ലാ പ്രിയപ്പെട്ട ആരോഗ്യ പ്രവർത്തകരേയും മറ്റ് സഹപ്രവർത്തകരേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു.

കേരളത്തിലെ നവജാത ശിശു മരണ നിരക്ക് 4ൽ താഴെയാണ്. ദേശീയ തലത്തിൽ 18 ഉള്ളപ്പോഴാണ് കേരളം 4ൽ എത്തിയത്. ഇത് വികസിത രാജ്യങ്ങൾക്ക് തുല്യമാണ്. 2021ലെ ശിശു മരണനിരക്കായ 6ൽ നിന്നാണ് മികച്ച പ്രവർത്തനങ്ങളിലൂടെ 5 ആക്കി കുറയ്ക്കാനായത്. 2023–ൽ 1,000 കുഞ്ഞുങ്ങളിൽ 5 മരണങ്ങൾ എന്ന ശിശു മരണനിരക്ക് രേഖപ്പെടുത്തിക്കൊണ്ടാണ് കേരളം പൊതുജനാരോഗ്യ രംഗത്ത് ശ്രദ്ധേയമായ മറ്റൊരു നാഴികക്കല്ല് കൈവരിച്ചത്. ഇത് യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ 1,000 ജനനങ്ങളിൽ 5.6 എന്ന നിരക്കിനേക്കാൾ കുറവാണ്.

കേരളം ആരോഗ്യ രംഗത്ത് നടത്തുന്ന മികച്ച പ്രവർത്തനങ്ങളുടെ നേട്ടമാണിതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. മാതൃശിശു സംരക്ഷണത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളുടേയും നിലവാരം ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചു. പ്രസവം നടക്കുന്ന സംസ്ഥാനത്തെ 16 ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ ഗുണനിലവാര സർട്ടിഫിക്കേഷനും 6 ആശുപത്രികൾക്ക് ദേശീയ മുസ്കാൻ അംഗീകാരവും ലഭ്യമാക്കി. രാജ്യത്ത് ആദ്യമായി മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കി. ജന്മനായുള്ള വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനായി പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും സമഗ്ര ന്യൂബോൺ സ്ക്രീനിംഗ് പദ്ധതി നടപ്പിലാക്കി.

കുഞ്ഞുങ്ങളിൽ ജന്മനായുള്ള ഹൃദയ വൈകല്യങ്ങളെ കണ്ടെത്തി സൗജന്യമായി ചികിത്സിക്കുന്ന ഹൃദ്യം പദ്ധതി വിജയകരമായി തുടരുന്നു. ഇതുവരെ 8450 കുഞ്ഞുങ്ങൾക്കാണ് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തിയത്. കുഞ്ഞുങ്ങളുടെ ആദ്യ 1000 ദിനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകി ശാരീരികവും മാനസികവുമായ പരിചരണം ഉറപ്പാക്കി. പ്രസവശേഷം അമ്മയേയും കുഞ്ഞിനേയും വാഹനത്തിൽ സൗജന്യമായി വീട്ടിലെത്തിക്കുന്ന മാതൃയാനം പദ്ധതി പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കി. അപൂർവ ജനിതക രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകുക വഴി അതുമൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിച്ചു.

കേരളത്തിൽ നഗര ഗ്രാമ വ്യത്യാസം ഇല്ലാതെ മരണനിരക്ക് ഒരു പോലെ കുറയ്ക്കാനായി. കേരളത്തിന്റെ നിരക്കിൽ ഗ്രാമ നഗര വ്യത്യാസമില്ല. ആദിവാസി, തീരദേശ മേഖലകളിലുൾപ്പെടെ ഈ സർക്കാരിന്റെ കാലത്ത് നവജാത ശിശു തീവ്രപരിചരണ യൂണിറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്. ആരോഗ്യ സേവനങ്ങൾ നഗര ഗ്രാമ വ്യത്യാസമില്ലാതെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നു എന്നതിന്റെ തെളിവ് കൂടിയാണിത്.




ആശമാർക്ക്

# ഊർജമായി ആശ ഓഫ് ദി മന്ത്



പുറക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മികച്ച ആശയായി തിരഞ്ഞെടുത്ത ബീനയ്ക്ക് പഞ്ചായത്ത് ആരോഗ്യ സ്ഥിരസമിതി അധ്യക്ഷൻ വി.എസ്.ജിനുരാജ് പുരസ്കാരം നൽകുന്നു.

ആലപ്പുഴ: അമ്പലപ്പുഴ പുറക്കാട് കുടുംബാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശമാരിൽ ഏറ്റവും മികച്ച പ്രവർത്തകരെ 'ആശ ഓഫ് ദി മന്ത്' ആയി തിരഞ്ഞെടുത്ത് ഇനി മുതൽ മാസം 1000 രൂപ അവാർഡും ഷീൽഡും നൽകി ആദരിക്കും. ഈ മാസം ബീനയാണ് സമ്മാനത്തിന് അർഹയായത്. മികച്ച ആശമാരെ പ്രോത്സാഹിപ്പിക്കാനും പൊതുജനത്തിന് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്ത് ആരോഗ്യ സ്ഥിര സമിതി അധ്യക്ഷൻ വി.എസ്. ജിനു രാജ് പദ്ധതി ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ഓഫിസർ ഡോ. ഷി ബു സുകുമാരൻ, ഡോ. ഹരിശങ്കർ, പഞ്ചായത്ത് അംഗങ്ങളായ സുഭാഷ് കുമാർ, മനോജ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

നാടിന് ആശ്വാസമായി

# നഗരജനകീയാരോഗ്യ കേന്ദ്രങ്ങൾ





കണ്ണൂർ: നഗരങ്ങളിൽ താമസിക്കുന്ന പൊതുജനങ്ങൾക്ക് അടിസ്ഥാന ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സ്ഥാപിച്ച കണ്ണൂർ ജില്ലയിലെ നഗര ജനകീയ ആരോഗ്യകേന്ദ്രങ്ങൾ വിജയകരമായി പ്രവർത്തനം തുടരുന്നു. സൗജന്യ ആരോഗ്യ സേവനങ്ങൾ നൽകുക എന്ന പ്രധാന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങൾ നഗരങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും തൊഴിൽ തേടി നഗരങ്ങളിൽ എത്തിയവർക്കും എല്ലാം വലിയ ആശ്വാസമാണ്. നഗര ജനകീയാരോഗ്യകേന്ദ്രങ്ങൾ മുഖ്യമായും പ്രഥമികാരോഗ്യ പരിരക്ഷ, ചികിത്സ, പ്രതിരോധം, സാന്ത്വനപരിചരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പകർച്ചവ്യാധികളും പകർച്ചേതര രോഗങ്ങളും നിയന്ത്രിക്കാനും, നിരീക്ഷിക്കാനും, സ്ക്രീനിംഗ് നടത്താനും ഇവ നിർണായക പങ്ക് വഹിക്കുന്നു.

ഉച്ച പിന്നിട്ട വൈകുന്നേരങ്ങളിലാണ് നഗരജനകീയാരോഗ്യ കേന്ദ്രങ്ങളിൽ ഒപി സേവനങ്ങൾ ആരംഭിക്കുന്നത്. ആഴ്ചയിൽ ആറ് ദിവസം ഉച്ചയ്ക്ക് 1 മുതൽ വൈകിട്ട് ഏഴ് വരെ സേവനം നൽകുന്ന കേന്ദ്രങ്ങളിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൗണ്ടന്റ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരാണ് സേവനം നൽകി വരുന്നത്. ബന്ധപ്പെട്ട നഗരസഭകളും ആരോഗ്യവകുപ്പും സംയുക്തമായാണ് നഗര ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് നിർവ്വഹിക്കുന്നത്.

**വെൽനെസ് പ്രവർത്തനങ്ങൾ**

ആരോഗ്യപരിരക്ഷയ്ക്കൊപ്പം വെൽനെസ് പ്രവർത്തനങ്ങളും നഗര ജനകീയാരോഗ്യകേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നു. ദിവസേന രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ യോഗ പരിശീലനം, യോഗ ക്യാമ്പുകൾ, കായിക പ്രവർത്തനങ്ങൾ, ആരോഗ്യകരമായ ഭക്ഷണരീതികളെ കുറിച്ച് അവബോധ ക്ലാസ്സുകൾ, മാനസിക ആരോഗ്യം ഉറപ്പുവരുത്താൻ കൗൺസിലിംഗ് ക്ലാസുകൾ തുടങ്ങിയ വിവിധ പരിപാടികൾ നടത്തി വരുന്നു.

ദേശീയ നഗര ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി കണ്ണൂരിൽ 23 ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പയ്യന്നൂർ നഗരസഭയിലെ മഹാദേവഗ്രാമം, പാനൂർ നഗരസഭയിലെ പെരിങ്ങളം, ഇരിട്ടി നഗരസഭയിലെ 19ാം മൈൽ എന്നിവിടങ്ങളിലെ സ്ഥാപനങ്ങളും ഉടൻ പ്രവർത്തനം ആരംഭിക്കും.



ഇ–ഗവേണൻസ് രംഗത്തെ

# നൂതന ആശയങ്ങൾക്ക് ആരോഗ്യ വകുപ്പിന് 4 അവാർഡുകൾ



**കഴിഞ്ഞ 3 വർഷവും രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള ആരോഗ്യ മന്ഥൻ പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്**

തിരുവനന്തപുരം: ഇ–ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകുന്ന ഇ–ഗവേണൻസ് അവാർഡുകളിൽ 4 എണ്ണം ആരോഗ്യ വകുപ്പിന് ലഭിച്ചു. ഇ–ഹെൽത്ത് ആന്റ് ഇ–മെഡിസിൻ വിഭാഗത്തിൽ ആശാധാര പദ്ധതി ഒന്നാം സ്ഥാനവും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗം പ്രത്യേക ജൂറി പുരസ്കാരവും നേടി. ആരോഗ്യ കിരണം, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നിവയ്ക്ക് രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചു. മുഖ്യമന്ത്രിയിൽ നിന്നും എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ബിജോയ്, ആശാധാര സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ഡോ. രാഹുൽ യു.ആർ, മൈക്രോബയോളജി വിഭാഗം മേധാവി ഡോ. മഞ്ജുശ്രീ തുടങ്ങിയവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. മികച്ച പ്രവർത്തനം നടത്തിയ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ആശാധാര പദ്ധതിയിലൂടെയാണ് ഹീമോഫിലിയ രോഗികളുടെ പരിചരണവും ചികിത്സയും ഉറപ്പാക്കുന്നത്. ഇതിനായി പ്രത്യേക സോഫ്റ്റ്‌വെയർ സജ്ജമാക്കി. 2194 ഹീമോഫീലിയ രോഗികളുടെ ചികിത്സയും പരിചരണവും ഉറപ്പാക്കുന്നത് ഇതിലൂടെയാണ്. ഹീമോഫീലിയ രോഗ പരിചരണത്തിന് രാജ്യത്ത് ആദ്യമായി നൂതന ചികിത്സയായ വിലയേറിയ എമിസിസുമാബ് പ്രൊഫൈലാക്സിസ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു. 18 വയസിന് താഴെയുള്ള കുട്ടികൾക്കും 18 വയസിന് മുകളിലുള്ള ഗുരുതര രോഗികൾക്കും ടെക്നിക്കൽ കമ്മിറ്റിയുടെ നിർദേശാനുസരണവും എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകി വരുന്നു. നിലവിൽ കുട്ടികളും മുതിർന്നവരും ഉൾപ്പെടെ 324 പേർക്ക് എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകി വരുന്നുണ്ട്. കഴിഞ്ഞ വർഷം 58 കോടിയോളം രൂപയുടെ ചികിത്സയാണ് സൗജന്യമായി നൽകിയത്. ഈ പദ്ധതി മാതൃകാപരമായി നടത്തിയതിനാണ് പുരസ്കാരം ലഭിച്ചത്.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ് സംസ്ഥാന സർക്കാരിന്റെ ആരോഗ്യകിരണം, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ആരോഗ്യ കിരണം പദ്ധതിയുടെ ഡിജിറ്റലൈസേഷന് ഡിജിറ്റൽ പ്രോസസ്സ് റീ എഞ്ചിനീയറിംഗ് വിഭാഗത്തിൽ രണ്ടാം സ്ഥാനവും, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് ഇ സിറ്റിസൺ സർവീസ് ഡെലിവറി ആന്റ് എം–ഗവേണൻസ് വിഭാഗത്തിൽ മൂന്നാം സ്ഥാനവുമാണ് ലഭിച്ചത്.

കഴിഞ്ഞ 3 വർഷവും രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള ആരോഗ്യ മന്ഥൻ പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്. നാലേകാൽ വർഷം കൊണ്ട് 25.17 ലക്ഷം പേർക്ക് ആകെ 7708 കോടിയുടെ സൗജന്യ ചികിത്സയാണ് നൽകിയത്. കാസ്പ് വഴി 24.06 ലക്ഷം പേർക്ക് 7163 കോടി രൂപയുടെ സൗജന്യ ചികിത്സയും കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 64075 പേർക്ക് 544 കോടി രൂപയുടെ സൗജന്യ ചികിത്സയും നൽകി. ആരോഗ്യ കിരണം വഴി 16.3 ലക്ഷം കുട്ടികൾക്ക് 68.3 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. നിലവിൽ 43.07 ലക്ഷം കുടുംബങ്ങൾ കാസ്പിൽ ഉൾപ്പെടുന്നു.

ലോകാരോഗ്യ സംഘടന നിഷ്കർഷിച്ച AWaRe മെട്രിക്സ് പ്രകാരം ലോകത്ത് ആദ്യമായി മൈക്രോബയോളജി കൾച്ചർ റിപ്പോർട്ടിംഗ് ഫോർമാറ്റ് വികസിപ്പിച്ചത് തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലാണ്. കാർസാപ്പിന്റെ ഭാഗമായി നടപ്പിലാക്കിയ ഈ ഫോർമാറ്റ് കേരളത്തിനകത്തും പുറത്തുമുള്ള പല സ്ഥാപനങ്ങളും പിന്തുടരുന്നു. ഇതിനാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി വിഭാഗം പുരസ്കാരത്തിന് അർഹരായത്.

ചികിത്സയേക്കാൾ

# പ്രധാനം പ്രതിരോധം : മന്ത്രി വീണാ ജോർജ്



പത്തനംതിട്ട വഞ്ചിപ്പൊയ്കയിലെ നഗര ജനകീയാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം

പത്തനംതിട്ട: രോഗം വന്നു ചികിത്സിക്കുന്നതിനേക്കാൾ അവ വരാതെ പ്രതിരോധിക്കുകയാണ് പ്രധാനമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പൂർത്തീകരിച്ച പത്തനംതിട്ട നഗരസഭയിലെ മൂന്നാമത്തെ നഗര ജനകീയ ആരോഗ്യ കേന്ദ്രം പത്തനംതിട്ട വഞ്ചിപ്പൊയ്കയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ഏറ്റവും കുറവ് ശിശു മരണനിരക്കും നവജാത ശിശു മരണനിരക്കുമുള്ള സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ 326–ാമത് ജനകീയ ആരോഗ്യ കേന്ദ്രമാണ് വഞ്ചിപ്പൊയ്കയിലേത്. ഒരു മണി മുതൽ 7 മണി വരെ ഡോക്ടറിന്റെ സേവനം ഇവിടെ ലഭ്യമാകും. എല്ലാ ചൊവ്വാഴ്ചകളിലും സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേക സ്ത്രീ ക്ലിനിക്കും ഇവിടെ പ്രവർത്തിക്കും. ജില്ലയെ സജീവമാക്കുന്ന പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പത്തനംതിട്ട നഗരസഭ ചെയർമാൻ അഡ്വ. ടി. സക്കീർ ഹുസൈൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. നഗരസഭ ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷൻ ജെറി അലക്സ്, പൊതുമരാമത്ത് സ്ഥിരം സമിതി അധ്യക്ഷ അനില അനിൽ, നഗരസഭ അംഗം സി.കെ അർജുനൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ അനിതകുമാരി, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എസ് ശ്രീകുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

കാൻസർ ചികിത്സക്കായി നൂതന സംവിധാനവുമായി നല്ലൂർനാട്

# അഡ്വാൻസ്ഡ് ഓങ്കോളജി റിഹാബിലിറ്റേഷൻ, മാമോഗ്രഫി സംവിധാനം തുടങ്ങി



വയനാട്: നല്ലൂർനാട് കാൻസർ സെന്ററിൽ ചികിത്സക്കായി നൂതന സൗകര്യങ്ങൾ ഒരുങ്ങി. സ്തനാർബുദം, സ്തന സംബന്ധമായ രോഗങ്ങൾ എന്നിവ കണ്ടെത്താനുള്ള എക്സ് റേ പരിശോധനയാണ് നല്ലൂർനാട് കാൻസർ സെന്ററിൽ ഏറ്റവുമൊടുവിൽ തുടങ്ങിയത്. എക്സ് റേ ചിത്രങ്ങളിലൂടെ സ്തനങ്ങളിലുണ്ടാകുന്ന മുഴകളും മുഴകളായി രൂപപ്പെടുന്നതിനു മുമ്പ് കോശങ്ങളിലുണ്ടാവുന്ന മാറ്റങ്ങളും മാമോഗ്രഫിയിലൂടെ കണ്ടെത്താൻ സാധിക്കും.

ഈ ഉപകരണത്തിലൂടെ ജീവിതശൈലി രോഗങ്ങളും കാൻസറും നേരത്തേ കണ്ടെത്തി ചികിത്സ നൽകുകയാണ് ലക്ഷ്യം. ദേശീയ ആരോഗ്യദൗത്യം അനുവദിച്ച 18.57 ലക്ഷം വകയിരുത്തിയാണ് സെന്ററിൽ മാമോഗ്രാം സംവിധാനം ഒരുക്കിയത്. ഇതിനു പുറമെ കൊച്ചിൻ ഷിപ്‌യാർഡ് സി.എസ്.ആർ ഫണ്ടായി നൽകിയ 32.60 ലക്ഷം രൂപ ചെലവിൽ അഡ്വാൻസ്ഡ് ഓങ്കോളജി റിഹാബിലിറ്റേഷൻ യൂണിറ്റിൽ ഫിസിയോ തെറാപ്പി സൗകര്യം, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രി കവാട നിർമ്മാണ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 1500ൽ അധികം രോഗികളാണ് സെന്ററിൽ ചികിത്സയ്ക്കെത്തുന്നത്.

ജില്ലയിൽ നിന്ന് കാൻസർ ചികിത്സയ്ക്കായി കോഴിക്കോട്, കണ്ണൂർ ജില്ലകളെ ആശ്രയിക്കുന്ന ആളുകളുടെ തുടർചികിത്സ സാധ്യമാക്കുന്നത് നല്ലൂർനാട് കാൻസർ സെന്ററിലാണ്. ജനറൽ ഒ.പി, കാൻസർ ഒ.പി, കീമോതെറാപ്പി, റേഡിയോ തെറാപ്പി, ഡയാലിസിസ്, എം.പി ബ്ലോക്കുകൾ, ഐസൊലേഷൻ വാർഡുകൾ എന്നിവയാണ് സെന്ററിൽ നിലവിൽ പ്രവർത്തിക്കുന്നത്. 2025 ജനുവരി മുതൽ ജൂൺ വരെ 22,132 പേരാണ് ആശുപത്രിയിലെത്തിയത്. 7,495 പേർ കാൻസർ ഒ.പിയിൽ മാത്രമായി ചികിത്സ തേടി. 4,509 പേർ കീമോതെറാപ്പിക്കും 1,277 രോഗികൾ റേഡിയോ തെറാപ്പിക്കും ചികിത്സ തേടി.

കാൻസർ ഒ.പിയിൽ മൂന്നു ഡോക്ടർമാരുടെ സേവനമാണ് ലഭ്യമാവുന്നത്. തിങ്കൾ മുതൽ വെള്ളി വരെ പരിശോധനയും ശനിയാഴ്ചകളിൽ റേഡിയേഷനുള്ള പ്ലാൻ സജ്ജമാക്കുകയും ചെയ്യുന്നു. ജനറൽ ഒ.പി, ദന്ത യൂണിറ്റ്, 12 കിടക്കകളുള്ള ക്യൂറേറ്റീവ് കീമോതെറാപ്പി ഡേ കെയർ യൂണിറ്റ്, റേഡിയോ തെറാപ്പി യൂണിറ്റ്, ആറ് കിടക്കകളുള്ള അഭയം പാലിയേറ്റീവ് കീമോ തെറാപ്പി കെയർ യൂണിറ്റ്, 10 കിടക്കകളുള്ള ന്യൂട്രോപീനിയ വാർഡ്, രണ്ടു ഷിഫ്റ്റുകളിലായി ഏഴ് ഹീമോഡയാലിസിസ് മെഷീനുകൾ എന്നിവ ഉപയോഗിച്ചാണ് ചികിത്സ നൽകുന്നത്.

ബ്ലഡ് സ്റ്റോറേജ് നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലും ആസ്പിരേഷണൽ ജില്ല പദ്ധതിയുടെ ഭാഗമായി അഞ്ചു കോടി ചെലവിൽ നിർമ്മിക്കുന്ന കാൻസർ പരിചരണത്തിനുള്ള മാതൃകാ മൾട്ടി സ്റ്റോറേജ് കെട്ടിട നിർമ്മാണം പ്രാരംഭ ഘട്ടത്തിലുമാണ്.

### വൃക്കരോഗ ചികിത്സയ്ക്ക് അധിക മെഷീനുകൾ

കാൻസർ കെയർ സെന്ററിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റിൽ ഏഴു മെഷീനുകളാണ് പ്രവർത്തിക്കുന്നത്, ആറ് പ്രവർത്തനക്ഷമമായ മെഷീനുകളും ഒരു ബൈ സ്റ്റാൻഡ് മെഷീനും. ഇവ ഉപയോഗിച്ച് പ്രതിമാസം 24 രോഗികൾക്ക് ശരാശരി 245 ഡയാലിസിസുകളാണ് ചെയ്യുന്നത്. നിലവിൽ പ്രവർത്തിക്കുന്ന മെഷീനുകൾ ഉപയോഗിച്ച് രണ്ടു ഷിഫ്റ്റുകളിലായി 95 മുതൽ 100 ശതമാനം വരെ കാര്യക്ഷമതയോടെ ചികിത്സ ഉറപ്പാക്കുന്നുണ്ട്. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതം നൽകിയാണ് സെന്ററിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നത്.

ചരിത്ര നേട്ടം

# വയനാട്, കാസർഗോഡ് മെഡിക്കൽ കോളേജുകൾക്ക് അനുമതി

തിരുവനന്തപുരം: സംസ്ഥാനത്തെ 2 മെഡിക്കൽ കോളേജുകൾക്ക് കൂടി നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വയനാട്, കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജുകൾക്കാണ് അനുമതി ലഭ്യമായത്. 50 എംബിബിഎസ് സീറ്റുകൾക്ക് വീതമാണ് അനുമതി ലഭിച്ചത്. എൻ.എം.സി. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളും അക്കാഡമിക് സൗകര്യങ്ങളും ഒരുക്കിയതിലൂടേയാണ് അംഗീകാരം നേടിയെടുത്തത്. ഇതോടെ ഈ സർക്കാരിന്റെ കാലത്ത് 4 മെഡിക്കൽ കോളേജുകൾക്കാണ് അംഗീകാരം നേടാനായത്. എത്രയും വേഗം നടപടി ക്രമങ്ങൾ പാലിച്ച് ഈ അധ്യായന വർഷം തന്നെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.



മറ്റ് മെഡിക്കൽ കോളേജുകളെ പോലെ ഈ രണ്ട് മെഡിക്കൽ കോളേജുകളേയും ഘട്ടം ഘട്ടമായി വികസിപ്പിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. വലിയ വികസന പ്രവർത്തനങ്ങളാണ് ഈ രണ്ട് മെഡിക്കൽ കോളേജുകളിലും നടത്തിയത്. എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിന് ആവശ്യമായ എല്ലാ സൗകര്യവുമൊരുക്കി.

വയനാട് മെഡിക്കൽ കോളേജിൽ 45 കോടി രൂപ ചെലവിൽ മൾട്ടി പർപസ് ബ്ലോക്ക് യാഥാർത്ഥ്യമാക്കി. 60 സീറ്റുകളോട് കൂടി നഴ്സിംഗ് കോളേജ് ആരംഭിച്ചു. മെഡിക്കൽ കോളേജിന്റെ ആദ്യവർഷ ക്ലാസുകൾ ആരംഭിക്കുന്നതിന് 115 അധ്യാപക തസ്തികകളും 25 അനധ്യാപക തസ്തികകളും ഉൾപ്പെടെ 140 തസ്തികകൾ സൃഷ്ടിച്ചതിൽ നിയമനം നടത്തി. 2.30 കോടി വിനിയോഗിച്ച് മോഡേൺ മോർച്ചറി കോംപ്ലക്സ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. 8.23 കോടി വിനിയോഗിച്ച് കാത്ത് ലാബ് നിർമ്മാണം പൂർത്തിയാക്കി. ആൻജിയോപ്ലാസ്റ്റി പ്രൊസീജിയറുകൾ ആരംഭിച്ചു. അധ്യാപക തസ്തികകൾ അനുവദിച്ച് കാർഡിയോളജി വിഭാഗം ആരംഭിച്ചു. 18 ലക്ഷം ഉപയോഗിച്ച് പവർ ലോൺട്രി സ്ഥാപിച്ചു. ലക്ഷ്യ പദ്ധതിയിൽ ഉൾപ്പെടുത്തി ലേബർ റൂം സ്റ്റാൻഡർഡൈസേഷൻ നടപ്പാക്കി. പീഡിയാട്രിക് ഐസിയു സജ്ജീകരിച്ചു. സംസ്ഥാനത്ത് ആദ്യമായി സിക്കിൾ സെൽ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. ജില്ലയിൽ ആദ്യമായി അരിവാൾ കോശ രോഗിയിൽ ഇടുപ്പ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി. എം.ബി.എഫ്.എച്ച്.ഐ, മുസ്കാൻ സർട്ടിഫിക്കേഷൻ ലഭ്യമാക്കി ലക്ഷ്യ സ്റ്റാൻഡേർഡിലേക്ക് ഉയർത്തി. 70 ലക്ഷം വിനിയോഗിച്ച് സ്കിൽ ലാബ് സജ്ജമാക്കി. മുട്ടു മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും മെഡിക്കൽ കോളജ് ആശുപത്രിയിൽ നടത്തി. ഇ–ഹെൽത്ത്, ഇ–ഓഫിസ് സംവിധാനങ്ങൾ ആശുപത്രിയിൽ പ്രാവർത്തികമാക്കി. 20.61 ലക്ഷം രൂപയുടെ ഓക്സിജൻ ജനറേറ്റർ പ്ലാന്റ് പൂർത്തിയായി. ദന്തൽ വിഭാഗത്തിൽ മികച്ച അത്യാധുനിക ചികിത്സകൾ ആരംഭിച്ചു.

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കിഫ്ബി ഫണ്ടിൽ നിന്ന് 160 കോടിയുടെ ഭരണാനുമതി നൽകി. ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നു. അക്കാദമിക് ബ്ലോക്ക് കെട്ടിടം പൂർത്തിയാക്കി. മെഡിക്കൽ കോളേജിനുള്ള ജലവിതരണ സംവിധാനത്തിന് 8 കോടി രൂപ അനുവദിച്ചു. ന്യൂറോളജി വിഭാഗം ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി. ഘട്ടം ഘട്ടമായി സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കി വരുന്നു. 60 സീറ്റുകളോടെ നഴ്സിംഗ് കോളേജ് ആരംഭിച്ചു. 29 കോടി ചെലവഴിച്ച് നിർമ്മിക്കുന്ന ഹോസ്റ്റലിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിൽ. 273 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, പാത്തോളജി, ന്യൂറോളജി, നെഫ്രോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഡെർമറ്റോളജി, ഇഎൻടി, റെസ്പിറേറ്ററി മെഡിസിൻ, ഒഎംഎഫ്എസ്, സൈക്യാട്രി വിഭാഗങ്ങളുടെ ഒപി ആരംഭിച്ചു. കാസർഗോഡ് ജില്ലയിൽ ആദ്യത്തെ ന്യൂറോളജി, നെഫ്രോളജി ഒപി സ്ഥാപിച്ചു. ഇ–സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾ ലഭ്യമാക്കി. പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ച് പ്രിൻസിപ്പൽ പോസ്റ്റ് ചെയ്തു. റേഡിയോളജി സേവനങ്ങൾക്ക് എ.ഇ.ആർ.ബിയിൽ നിന്ന് അംഗീകാരം ലഭിച്ചു.



ലക്ഷ്യം നിറവേറ്റി കേരളം

# എല്ലാ ജില്ലയിലും മെഡിക്കൽ കോളേജ്



പത്തനംതിട്ട: വയനാട്, കാസർകോട് ജില്ലകളിൽ കൂടി സർക്കാർ മെഡിക്കൽ കോളജിന് അനുമതി ലഭിച്ചതോടെ എല്ലാ ജില്ലയിലും മെഡിക്കൽ കോളജുള്ള സംസ്ഥാനമായി കേരളം മാറിയെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ നിർമാണം പൂർത്തിയാക്കിയ ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂം, ഓപ്പറേഷൻ തിയറ്റർ, ഡെഡിക്കേറ്റഡ് ഐ യൂണിറ്റ്, വയോജന വാർഡ് എന്നിവയുടെ ഉദ്ഘാടനവും ജില്ലാ ടി.ബി സെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനവും കോഴഞ്ചേരി വണ്ടിപേട്ട മൈതാനത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

എല്ലാ ജില്ലകളിലും മെഡിക്കൽ കോളജും നഴ്സിങ് കോളജും സാധ്യമായത് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് വലിയ നേട്ടമാണ്. സർക്കാർ ഫീസിൽ മെറിറ്റിൽ വിദ്യാർഥികൾക്ക് പഠിക്കാൻ സാധിക്കും. കോന്നി മെഡിക്കൽ കോളജിൽ 300 വിദ്യാർഥികൾ എം.ബി.ബി.എസ് പഠിക്കുന്നു. നാലാം വർഷ പ്രവേശനവും നടന്നുവരുന്നു. 2021ലെ ബിഎസ് സി നഴ്സിംഗ് 478 സീറ്റിൽ നിന്നും നിലവിൽ 1300 സീറ്റുകളായി. കേപ്പിന്റെ നഴ്സിംഗ് കോളജ് ആറന്മുളയിൽ അനുവദിച്ചു. പത്തനംതിട്ടയിൽ സർക്കാർ നഴ്സിംഗ് കോളേജും കോന്നിയിൽ സിമറ്റ് നഴ്സിംഗ് കോളേജും ആരംഭിച്ചു.

ഒമ്പത് വർഷത്തെ ചിട്ടയായ പ്രവർത്തനം എല്ലാ മേഖലയിലും വികസനം സാധ്യമാക്കി. കുട്ടികളിൽ വർധിച്ചു വരുന്ന ഇന്റർനെറ്റ് ഉപയോഗത്തെയും ആത്മഹത്യ പ്രവണതയേയും നേരിടാനായി മാനസികാരോഗ്യ വിദഗ്ധരുടെ നേതൃത്വത്തിലുള്ള ആത്മഹത്യ പ്രതിരോധ ക്ലിനിക്കിന്റെയും ഇമോജൻ ക്ലിനിക്കിന്റെയും ഉദ്ഘാടനവും ബഹു. ആരോഗ്യ മന്ത്രി നിർവഹിച്ചു.

ആരോഗ്യ മേഖലയിൽ സർക്കാർ ആശുപത്രികളെ ശാക്തീകരിച്ച് കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കിയതിലൂടെ ശരാശരി 19,000 രൂപ എന്ന ചികിത്സ ചെലവ് 2024 ന് ശേഷം 9000 ആയി കുറഞ്ഞു. അപൂർവ അമീബിക് മസ്തിഷ്ക ജ്വരവും ഫംഗസ് മസ്തിഷ്ക അണുബാധയും ബാധിച്ച് ഗുരുതരാവസ്ഥയിലായിരുന്ന 17കാരനെ ജീവിതത്തിലേക്ക് തിരികെയെത്തിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയും ശ്രദ്ധ നേടി.

റാന്നി, കോന്നി, തിരുവല്ല താലൂക്ക് ആശുപത്രികളും കോഴഞ്ചേരി, പത്തനംതിട്ട, അടൂർ ജനറൽ ആശുപത്രികളിലുമുൾപ്പടെ ജില്ലയിലെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളും വികസന പാതയിലാണ്.

കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ 8 കോടിയുടെ വിവിധ പദ്ധതികളാണ് നടക്കുന്നത്. രണ്ട് നിലകളിലായി 11900 ചതുരശ്ര അടി വിസ്തീർണത്തിൽ 2.62 കോടി രൂപ ചെലവിലാണ് ദേശീയ നിലവാരത്തിൽ ലക്ഷ്യ ലേബർ റൂം ഓപ്പറേഷൻ തിയേറ്റർ എന്നിവ സജ്ജീകരിച്ചിരിക്കുന്നത്. ഒന്നാം നിലയിൽ ആധുനിക രീതിയിലുള്ള മോഡുലാർ ഓപ്പറേഷൻ തീയറ്റർ, നാല് ലേബർ സ്യൂട്ട്, വെയിറ്റിംഗ് ഏരിയ, എൻ.ഐ.സി.യു, റിസപ്ഷൻ, ട്രയാജ് റൂം, നഴ്സിംഗ് സ്റ്റേഷൻ, ഡൈനിംഗ് ഏരിയ, വാഷിംഗ് ഏരിയ എന്നിവയും രണ്ടാം നിലയിൽ ആന്റിനേറ്റൽ വാർഡ്, പോസ്റ്റ്നേറ്റൽ വാർഡ്, പോസ്റ്റ് ഓപ്പറേറ്റീവ് റൂം, എച്ച്.ഡി.യു, ഐസോലേഷൻ റൂം, ഡോക്ടേഴ്സ് റൂം എന്നിവയാണുള്ളത്.

1.2 കോടി രൂപയിൽ നിർമിച്ച വയോജന വാർഡിൽ 14 കിടക്കയും 1.3 കോടി രൂപയിൽ നിർമിച്ച നേത്ര രോഗ വിഭാഗം ഡെഡിക്കേറ്റഡ് യൂണിറ്റിന്റെ ഭാഗമായി നേത്ര വാർഡ്, ഒ.പി, ഓപ്പറേഷൻ തിയേറ്റർ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. മൂന്ന് കോടി രൂപയിലാണ് ജില്ലാ ടി.ബി സെന്റർ നിർമിക്കുന്നത്. കിഫ്ബിയിലൂടെ 30.25 കോടി രൂപ വിനിയോഗിച്ച് നിർമിക്കുന്ന ഒ.പി ബ്ലോക്കിന്റെ നിർമാണം 80 ശതമാനത്തോളം പൂർത്തിയായി.

രാജ്യത്ത് ആദ്യമായി

# ക്വിയർ സൗഹൃദ ആരോഗ്യ സ്ഥാപനങ്ങളുമായി കേരളം



എറണാകുളം: കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങൾ ഇനി മുതൽ ക്വിയർ സൗഹൃദമായി മാറുന്നു. എറണാകുളം ജനറൽ ആശുപത്രിയെ ക്വിയർ സൗഹൃദ ആശുപത്രിയായി പ്രഖ്യാപിച്ചുകൊണ്ട് ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികൾ ഉൾപ്പെടെയുള്ള ക്വിയർ സമൂഹത്തെ പൊതു ആരോഗ്യ സംവിധാനത്തിന്റെ ഭാഗമായി മാറ്റുക, ആരോഗ്യസേവനങ്ങൾ വേർതിരിവില്ലാതെ എല്ലാവർക്കും ലഭ്യമാക്കുക, മുഴുവൻ ആരോഗ്യസ്ഥാപനങ്ങളെയും ജീവനക്കാരെയും ക്വിയർ സൗഹൃദ ആശയത്തിലേക്ക് മാറ്റുക എന്നതാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യം വെക്കുന്നത്.

2023 മാർച്ച് 8 നാണ് ആരോഗ്യവകുപ്പ് ഇടം എന്ന പേരിൽ ഒരു ബോധവൽക്കരണ കാമ്പയിൻ സംസ്ഥാനതലത്തിൽ ആരംഭിക്കുന്നത്. ട്രാൻസ്ജെൻഡർ, ഇന്റർസെക്സ് വ്യക്തികൾ ഉൾപ്പെടെയുള്ള ക്വിയർ സമൂഹം നേരിടുന്ന ശാരീരിക, മാനസിക വെല്ലുവിളികൾ പരിഹരിക്കുന്നതിനും ആരോഗ്യസ്ഥാപനങ്ങളിലെ വിവിധ സേവനങ്ങൾ ക്വിയർ സമൂഹത്തിലേക്ക് കൃത്യമായി എത്തിക്കുന്നതിനും ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ ഉൾപ്പെടെയുള്ളവരെ ക്വിയർ സൗഹൃദമാക്കി മാറ്റുന്നതിനാവശ്യമായ പരിശീലനം, ബോധവൽക്കരണം എന്നിവ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഇടം കാമ്പയിൻ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി നിരവധി ബോധവൽക്കരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ ആശമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്ക് ജില്ലാടിസ്ഥാനത്തിൽ നൽകിയിരുന്നു.

ഇതിന്റെ തുടർച്ചയായി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 4 ജില്ലകളിൽ ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാരെ നിയമിക്കുകയും ക്വിയർ കമ്മ്യൂണിറ്റിയുടെ ഇടയിൽ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തു. ആരോഗ്യസ്ഥാപനങ്ങളിൽ എത്തുന്ന ക്വിയർ വ്യക്തികൾക്ക് ആവശ്യമായ സേവനങ്ങൾ ഇവരുടെ നേതൃത്വത്തിൽ ലഭ്യമാക്കുന്നു. ഇന്ന് ഈ പദ്ധതിയുടെ ഭാഗമായി കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, എറണാകുളം, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിലായി 18 ലിങ്ക് വർക്കർമാർ പ്രവർത്തിക്കുന്നുണ്ട്. രാജ്യത്താദ്യമായിട്ടാണ് ഇത്തരത്തിൽ പൊതു ആരോഗ്യസംവിധാനത്തിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾ നിയമിക്കപ്പെടുന്നതും ആരോഗ്യസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നതും. ഇതിനോടകം തന്നെ ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾ ഇവരുടെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്.

ക്വിയർ സൗഹൃദമായ ഒരു ആരോഗ്യ അന്തരീക്ഷം രൂപപ്പെടുത്തുവാൻ ലക്ഷ്യമിട്ടാണ് ഈ പ്രവർത്തനങ്ങളൊക്കെയും വിഭാവനം ചെയ്തിരിക്കുന്നത്. വ്യക്തികളുടെ ജൻഡർ, സെക്സ് എന്നിവ പരിഗണിക്കാതെ ആരോഗ്യസേവനങ്ങൾ ഒരുപോലെ ലഭ്യമാക്കുന്നതിന് നമ്മുടെ ആരോഗ്യസ്ഥാപനങ്ങളെയും ആരോഗ്യപ്രവർത്തകരെയും സജ്ജമാക്കുക എന്നത് വളരെ പ്രധാനമാണ്. ക്വിയർ സൗഹൃദ ആശുപത്രിയായി പ്രഖ്യാപിച്ച എറണാകുളം ജനറൽ ആശുപത്രിയിൽ നിരവധി മാറ്റങ്ങളാണ് ഒരുക്കിയിരിക്കുന്നത്. പ്രത്യേക ക്യൂ സംവിധാനം, ലേസർ ചികിത്സാ സൗകര്യം, ക്വിയർ സൗഹൃദ ക്ലിനിക്കുകൾ, പ്രത്യേക ശുചിമുറി സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്.

കൂട്ടായ പ്രവർത്തനത്തിലൂടെ

# കുറഞ്ഞ ശിശുമരണനിരക്ക്



പാലക്കാട്: കൂട്ടായ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തെ ശിശുമരണ നിരക്ക് കുറയ്ക്കാനായെന്ന് ആരോഗ്യ, വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്. അട്ടപ്പാടി കോട്ടത്തറ താലൂക്ക് സ്പെഷ്യാലിറ്റി ആശുപത്രിയിൽ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ദേശീയ തലത്തിൽ കേരളത്തിന്റെ ശിശുമരണനിരക്ക് അഞ്ച് ആയി കുറഞ്ഞു. അട്ടപ്പാടിയിൽ 6.8 ആയി അത് കുറക്കാനായത് സംസ്ഥാനത്തിന്റെ വലിയ നേട്ടമാണ്. ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്കാണ് ഇപ്പോൾ അട്ടപ്പാടിയിലേത്.

അട്ടപ്പാടിയിലെ ജനതയുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തോടൊപ്പം ജീവിക്കാനുള്ള അവകാശം യാഥാർഥ്യമാക്കാൻ സർക്കാർ ഒപ്പം നിൽക്കുന്നുണ്ട്. ഗോത്രവർഗ ഗർഭിണികളായ സ്ത്രീകൾക്കായി 28 ജനകീയ ആരോഗ്യകേന്ദ്രങ്ങൾ അട്ടപ്പാടിയിൽ തുടങ്ങാൻ കഴിഞ്ഞു. 174 അങ്കണവാടികൾ കേന്ദ്രീകരിച്ച് 'പെൺട്രിക' കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ ഏറെ ചടുലമായി നടന്നു വരുന്നു. കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ആധുനിക സജ്ജീകരണങ്ങൾ പ്രദേശത്തിന് പുറത്തുള്ളവർക്കും ആശ്രയമാവുന്നു. അട്ടപ്പാടിക്ക് സർക്കാർ പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ആശുപത്രിയിലെ ലക്ഷ്യ നിലവാരത്തിൽ നവീകരിച്ച ലേബർ റൂം, ഒ.പി ബ്ലോക്ക്, സ്ക്രീനിങ് ബ്ലോക്ക്, ഫിസിയോതെറാപ്പി ബിൽഡിങ്, കാന്റീൻ സ്റ്റോർ, ഡോക്ടർമാരുടെ താമസ സ്ഥലം, ഡയാലിസിസ് – കീമോതെറാപ്പി കേന്ദ്രം, റാമ്പോടുകൂടിയ ഡോർമെറ്ററി, ലോ ടെൻഷൻ – ഹൈ ടെൻഷൻ വൈദ്യുതി സംവിധാനം, ഫയർ ഫൈറ്റിങ് സിസ്റ്റം എസ്കേപ്പിങ് സ്റ്റെയർ, പാരപ്പറ്റ്, റാംപ്, സി.ടി സ്കാൻ ഇൻസ്റ്റലേഷൻ, പവർ ലോൺട്രി, തുടങ്ങി 13.66 കോടി രൂപയുടെ വികസന പദ്ധതികളാണ് മന്ത്രി ഉദ്ഘാടനം ചെയ്തത്. അഗളി സാമൂഹികാരോഗ്യകേന്ദ്രത്തെ ബ്ലോക്ക് തല കുടുംബാരോഗ്യകേന്ദ്രമാക്കി നവീകരിച്ചതിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. കൂടാതെ അട്ടപ്പാടിയിലെ 17 സബ് സെന്ററുകൾ നവീകരിച്ച് ജനകീയ ആരോഗ്യകേന്ദ്രങ്ങളാക്കിയും നാടിന് സമർപ്പിച്ചു.

ഉദ്ഘാടന പരിപാടിയിൽ അഡ്വ. എൻ. ഷംസുദ്ദീൻ എം.എൽ.എ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മരുതി മുരുകൻ, വൈസ് പ്രസിഡന്റ് കെ.കെ മാത്യു, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ അംബിക ലക്ഷ്മണൻ, പി. രാമമൂർത്തി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ടി.വി റോഷ്, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

സ്ത്രീകളുടെ ആരോഗ്യം ഉറപ്പാക്കി കോഴിക്കോട്

# ജനകീയാരോഗ്യകേന്ദ്രങ്ങളിൽ സ്ത്രീകൾക്കായി സൗജന്യ പരിശോധനകൾ.



കോഴിക്കോട്: സ്ത്രീകളുടെ ആരോഗ്യ സുരക്ഷയ്ക്ക് പ്രധാന്യം നൽകിക്കൊണ്ടുള്ള സ്ത്രീ കാമ്പയിന് കോഴിക്കോട് ജില്ലയിൽ തുടക്കമായി. മാർച്ച് എട്ട് അന്താരാഷ്ട്ര വനിതാദിനം വരെ കാമ്പയിൻ തുടരും. ഇതിന്റെ ഭാഗമായി പ്രത്യേക പരിശോധനകളും ബോധവത്കരണവും ജില്ലയിലെ പ്രധാന ആരോഗ്യ കേന്ദ്രങ്ങളിൽ നടക്കും. എല്ലാ ജനകീയാരോഗ്യ കേന്ദ്രങ്ങളിലും ചൊവ്വാഴ്ചകളിൽ വുമൺ വെൽനെസ് ക്ലിനിക്കുകൾ സംഘടിപ്പിക്കും.

കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം പാലാഴി ജനകീയാരോഗ്യ കേന്ദ്രത്തിൽ വച്ച് ഒളവണ്ണ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ശാരുതി നിർവ്വഹിച്ചു. അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. രാജേഷ് വി പി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഡെ. ഡി എം ഒ ഡോ.ലതിക വി ആർ, ഒളവണ്ണ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. സിന്ധുകല, തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.


എല്ലാ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ അയൽക്കൂട്ട സ്ക്രിനിങ് ക്യാമ്പുകൾ നടത്തും. സ്വകാര്യത ഉറപ്പുവരുത്താൻ സൗകര്യമുള്ള ഇടവും എല്ലാവർക്കും എളുപ്പം എത്തിച്ചേരാൻ കഴിയുന്ന ഇടവും കണ്ടെത്തിയാണ് സ്ക്രീനിങ് നടത്തുക. പൊതുവായ ശാരീരിക പരിശോധന, ബോഡി മാസ് ഇൻഡക്സ്, രക്ത സമ്മർദം, കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പ്, ഹീമോഗ്ലോബിൻ പരിശോധന, വദനാർബുദ – സ്തനാർബുദ സ്ക്രീനിങ്, ആർത്തവസമയത്തെ പ്രശ്നങ്ങൾ തുടങ്ങിയവയ്ക്കാണ് അയൽക്കൂട്ട സ്ക്രീനിങ് മുൻഗണന നൽകുന്നത്. പരിശോധനാവിവരങ്ങൾ ഓൺലൈനായി സൂക്ഷിക്കുകയും ചെയ്യും. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആഴ്ചയിലൊരിക്കൽ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനമുറപ്പാക്കും. പരിശോധനകളിൽ വിദഗ്ധചികിത്സ വേണ്ടവരെ ഉന്നതനിലവാരമുള്ള ആശുപത്രികളിലേക്ക് റഫർ ചെയ്യും.



ഹീമോഫീലിയ ബാധിതയ്ക്ക്

# രാജ്യത്ത് ആദ്യമായി എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകി കേരളം

**ഹീമോഫീലിയ ചികിത്സയിൽ സുപ്രധാന നാഴികകല്ല്**



കേരളത്തിൽ ഹീമോഫീലിയ ചികിത്സയിൽ സുപ്രധാന നാഴികകല്ല് പിന്നിട്ട് കേരളം. ഹീമോഫീലിയ ബാധിതയായ ഒരു സ്ത്രീക്ക് രാജ്യത്ത് തന്നെ ആദ്യമായി എമിസിസുമാബ് പ്രൊഫൈലാക്സിസ് ചികിത്സ നൽകി. തൃശൂർ നിന്നുള്ള 32 വയസുകാരിയ്ക്കാണ് തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സ നൽകിയത്. വിശദമായ വിലയിരുത്തലിനും കൗൺസിലിംഗിനും ശേഷം തൃശൂർ മെഡിക്കൽ കോളേജിലെ മെഡിക്കൽ സംഘത്തിന്റെ മേൽനോട്ടത്തിലാണ് ചികിത്സ ആരംഭിച്ചത്.

സിവിയർ ഹീമോഫീലിയ രോഗികളിൽ മാത്രം കണ്ടു വരുന്ന ഗുരുതരമായ അവസ്ഥയായായ ഫാക്ടർ VIII ലെവൽ ഒരു ശതമാനത്തിൽ താഴെയായിരുന്നു ഈ രോഗിക്ക് ഉണ്ടായിരുന്നത്. ആരംഭത്തിൽ വോൺ വില്ലിബ്രാൻഡ് രോഗമാണെന്ന് കരുതിയാണ് ചികിത്സിച്ചിരുന്നത്. പലതവണയുള്ള രക്ത പരിശോധനയ്ക്ക് ശേഷമാണ് ഇത് ഹീമോഫീലിയ എ രോഗം ആണെന്ന് കൃത്യമായി കണ്ടെത്തിയത്. അനിയന്ത്രിതമായ രക്തസ്രാവം കാരണം അവരുടെ അണ്ഡാശയവും ഗർഭപാത്രവും നീക്കം ചെയ്യേണ്ടതായി വന്നു. കൂടാതെ ദീർഘകാലമായി ഹോർമോൺ ചികിത്സയിലുമാണ്. ആവർത്തിച്ചുള്ള രക്തസ്രാവവും സങ്കീർണമായ സന്ധി വൈകല്യങ്ങളും കാരണം കഠിനമായ വേദനയാണ് ഇവർക്ക് അനുഭവിക്കേണ്ടി വന്നത്. അതിൽ നിന്നാണ് ഇപ്പോൾ മോചനമായിരിക്കുന്നത്.

ഹീമോഫീലിയ ചികിത്സയിൽ കേരളം വലിയ മുന്നേറ്റമാണ് നടത്തിയതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഹീമോഫീലിയ ചികിത്സയിൽ രക്തസ്രാവം തടയുന്ന നൂതന ചികിത്സയായ എമിസിസുമാബ് പ്രൊഫൈലാക്സിസ് രാജ്യത്ത് ആദ്യമായി കേരളം ആരംഭിച്ചിരുന്നു. ഹീമോഫീലിയ രോഗികളിൽ ഇത് വിസ്മയകരമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്.

സംസ്ഥാന സർക്കാറിന്റെ ആശാധാര പദ്ധതിയിലൂടെയാണ് എമിസിസുമാബ് പ്രൊഫൈലാക്സിസ് ചികിത്സ സൗജന്യമായി ലഭ്യമാക്കിയിട്ടുള്ളത്. രാജ്യത്ത് ആദ്യമായി എമിസിസുമാബ് മരുന്ന് 18 വയസിന് താഴെയുള്ള മുഴുവൻ രോഗികൾക്കും നൽകിയത് കേരളമാണ്. രക്തസ്രാവവും ആശുപത്രി സന്ദർശനങ്ങളും ഗണ്യമായി കുറയ്ക്കുന്നതിനും ഈ നൂതന ചികിത്സയിലൂടെ സാധിച്ചു. സംസ്ഥാനത്ത് 500ൽ അധികം രോഗികൾക്ക് ആശാധാര പദ്ധതിയിലൂടെ എമിസിസുമാബ് ചികിത്സ നൽകി വരുന്നു.


## പത്രാധിപ സമിതി

**ചീഫ് എഡിറ്റർ**
ഡോ. വിനയ് ഗോയൽ ഐ.എ.എസ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

**സീനിയർ എഡിറ്റർ**
ഡോ. രാഹുൽ യു.ആർ
സ്റ്റേറ്റ് നോഡൽ ഓഫീസർ
ബി.സി.സി

**എഡിറ്റർ**
കെ പി ശിനോഷ്
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

**മാനേജിംഗ് എഡിറ്റർ**
ഡോണ തോമസ്
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

**അസിസ്റ്റന്റ് എഡിറ്റർ**
ശ്രേയ കൃഷ്ണ ആർ
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

**അംഗങ്ങൾ**
ജിജിൽ മാത്യു
കൺസൾട്ടന്റ് (ഡി&സി), ഇടുക്കി

ഡാനി പ്രിയൻ
കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ

ദിവ്യ ചേലാട്ട്
കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്

വിനു എ
കൺസൾട്ടന്റ് (ഡി&സി), എറണാകുളം

വിനീഷ് സി ആർ
കൺസൾട്ടന്റ് (ഡി&സി), കോട്ടയം

ആഗനൽ ജോസഫ്
കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ

വർഷ ജയപ്രകാശ്
കൺസൾട്ടന്റ് (ഡി&സി), തിരുവനന്തപുരം

പ്രീത എം
ജെ.സി (ഡി&സി), പാലക്കാട്

ദിവ്യ ഇ ആർ
കൺസൾട്ടന്റ് (ഡി&സി), മലപ്പുറം

ബിൻസി രവീന്ദ്രൻ
ജെ.സി (ഡി&സി), കണ്ണൂർ

കമൽ കെ ജോസഫ്
ജെ.സി (ഡി&സി), കാസറഗോഡ്

നിജിൽ കെ എസ്
ജെ.സി (ഡി&സി), വയനാട്

അജിത് കുമാർ പി എ
ജെ.സി (ഡി&സി), പത്തനംതിട്ട

അശ്വിനി രവീന്ദ്രൻ
ജെ.സി (ഡി&സി), കൊല്ലം

ശ്രീദേവി കെ എസ്
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്


അതിദരിദ്രർക്ക്

# വാതിൽപ്പടി സേവനങ്ങളുമായി ആരോഗ്യ വകുപ്പ്

**സൗജന്യ പരിശോധനകളും ചികിത്സയും ഉറപ്പാക്കുന്നു**



തിരുവനന്തപുരം: അതിദരിദ്രർക്ക് ആരോഗ്യവകുപ്പിന്റെ വാതിൽപ്പടി സേവനങ്ങൾ ഉറപ്പാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിദരിദ്രരില്ലാത്ത കേരളം എന്ന സർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പ് വരുത്തുന്നതിനായി കർമ്മപദ്ധതി ആവിഷ്‌ക്കരിക്കുകയും മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ബ്രെയിൻ സ്റ്റോമിംഗ് സെഷൻ സംഘടിപ്പിച്ചാണ് അതിദരിദ്രരായ കുടുംബങ്ങൾക്ക് ആരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കിയത്. രക്ത പരിശോധനയും വൈദ്യ സഹായവുമായാണ് ആരോഗ്യ പ്രവർത്തകർ അതിദരിദ്രരുടെ വീടുകളിലെത്തുന്നത്. സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 28 വരെയാണ് ആരോഗ്യപ്രവർത്തകർ അതിദരിദ്രരുടെ വീടുകളിലെത്തി ആരോഗ്യ പരിശോധന നടത്തുന്നത്. സേവന പ്രോട്ടോക്കോളുകൾ കർശനമായി പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ബ്ലഡ് കൗണ്ട്, ആർബിഎസ്, ബ്ലഡ് യൂറിയ/ സെറം ക്രിയാറ്റിൻ, എസ്.ജി.ഒ.ടി./എസ്.ജി.പി.റ്റി., ലിപിഡ് പ്രൊഫൈൽ, എച്ച്ബിഎസ് തുടങ്ങിയ പരിശോധനകളാണ് നടത്തുന്നത്. വീട്ടിലെ പരിശോധനയ്ക്ക് ശേഷം ആവശ്യമായവർക്ക് തുടർചികിത്സ ഉറപ്പാക്കുന്നു. സ്ഥാപന തലത്തിൽ ഇതിനായി കെയർ കോർഡിനേറ്റർമാരെ ചുമതലപ്പെടുത്തും. ഗർഭിണികളായ സ്ത്രീകളെ പ്രസവത്തിനായി കൊണ്ടുപോകുന്നതിനും ആദിവാസികളെ ചികിത്സയ്ക്ക് കൊണ്ടുപോകുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ക്രമീകരണമൊരുക്കും. ആശുപത്രിയിൽ കൂട്ടിരിപ്പുകാരുടെ സേവനം ആവശ്യമെങ്കിൽ തദ്ദേശ സ്ഥാപനത്തെ അറിയിച്ച് സന്നദ്ധ പ്രവർത്തകരെ നിയോഗിക്കും. മറ്റു ചെലവുകൾ ആവശ്യമെങ്കിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹായംതേടും.

ഗർഭിണികൾ, കിടപ്പുരോഗികൾ, പോഷകാഹാരക്കുറവുള്ള കുഞ്ഞുങ്ങൾ, ജന്മനാ വൈകല്യമുള്ളവർ, ഭിന്നശേഷിക്കാർ, ഒറ്റയ്ക്കായിപ്പോകുന്ന മുതിർന്ന പൗരന്മാർ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്ക് പിന്തുണ ഉറപ്പാക്കുന്നു. അതിദരിദ്രരുടെ കുടുംബത്തിന് പ്രത്യേക പ്രാധാന്യം നൽകി ഓരോ മാസവും അവരുടെ വീടുകളിൽ ആരോഗ്യ പ്രവർത്തകർ സന്ദർശനം നടത്തും. കിടപ്പിലായവർക്കും വയോജനങ്ങൾക്കും ഒറ്റയ്ക്ക് താമസിക്കുന്ന ആരോഗ്യ പ്രശ്നങ്ങളുള്ളവർക്കും രണ്ടാഴ്ചയൊരിക്കൽ പരിചരണം ഉറപ്പാക്കും. പ്രതിമാസ ആരോഗ്യ പരിശോധന നടത്തുകയും മെഡിക്കൽ ഓഫീസർമാർ ഇത് വിലയിരുത്തി തുടർ നടപടി സ്വീകരിക്കുകയും ചെയ്യും. ഇവരെ വിവിധ സർക്കാർ ചികിത്സാ പദ്ധതികളിൽ ഉൾപ്പെടുത്തി മതിയായ ചികിത്സ ഉറപ്പാക്കുന്നതാണ്.

ആത്മഹത്യക്കെതിരെ

# അതിജീവനത്തിന്റെ സന്ദേശവുമായി എറണാകുളം




എറണാകുളം: ആത്മഹത്യക്കെതിരെ കരുതലിന്റെയും അതിജീവനത്തിന്റെയും സന്ദേശം പകർന്ന് എറണാകുളം ജില്ലയിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ആരോഗ്യകേരളം, ജില്ലാ മാനസികാരോഗ്യ പരിപാടി, ജനറൽ ആശുപത്രി എന്നിങ്ങനെ വിവിധ സംഘടനകളുടെ സഹകരണത്തോടെ നടത്തിയ പരിപാടി കൊച്ചി സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ ഐ.പി.എസ് ഉദ്ഘാടനം ചെയ്തു.

ആത്മഹത്യ – മാറുന്ന കാഴ്ചപ്പാടുകൾ എന്ന സന്ദേശത്തെ അടിസ്ഥാനമാക്കി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിപാടികൾ നടത്തി. സന്നദ്ധസംഘടനയായ മൈത്രി, കൊച്ചി സിറ്റി പോലീസിന്റെ ഉദയം പദ്ധതി, സഹൃദയ വെൽഫെയർ സർവീസസ്, ജില്ലാ ശിശു വികസനസമിതി തുടങ്ങിയവരുടെ സഹായത്തോടെ എറണാകുളം മറൈൻ ഡ്രൈവിൽ ആത്മഹത്യക്കെതിരെയുള്ള ബോധവത്കരണത്തിനായി കലാകാരികൾ ക്യാൻവാസിൽ സന്ദേശങ്ങളെഴുതി. സമൂഹത്തിന്റെ വിവിധ തുറകളിൽ ജോലി ചെയ്യുന്നവരും ചിത്രകലാരംഗത്ത് പ്രവർത്തിക്കുന്നവരുമായ ചിത്രകാരികളുടെ രചനകൾ കാഴ്ചക്കാരുമായി ആഴത്തിൽ സംവദിക്കുന്നവയായിരുന്നു. ആത്മഹത്യക്ക് കാരണമാകുന്ന വിഷയങ്ങളും പ്രതിരോധവുമെല്ലാം ചിത്രങ്ങളിൽ നിറഞ്ഞു.

സെൻ സീ ഡാൻസ് സ്റ്റുഡിയോയുടെ സഹകരണത്തോടെ വാക്ക്‌വേയിൽ നൃത്തവും ഹൈക്കോടതി ലോയേഴ്സ് റൈഡേഴ്സ് നടത്തിയ ബൈക്ക് റാലിയും സെന്റ് തെരേസാസിലെ വിദ്യാർത്ഥികൾ നടത്തിയ ഫ്ളാഷ് മോബും വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ള വലിയ ജനാവലി ഏറെ കൗതുകത്തോടെയാണ് സ്വീകരിച്ചത്. പരിപാടിയുടെ ഭാഗമായി നടത്തിയ സിഗ്നേച്ചർ ക്യാമ്പയിനിൽ നിരവധി പേർ പങ്കാളികളായി.

# ആരോഗ്യ രംഗത്ത് കൈവരിച്ചത് മികച്ച നേട്ടം: മുഖ്യമന്ത്രി





തിരുവനന്തപുരം: ആരോഗ്യ രംഗത്ത് കേരളം കഴിഞ്ഞ ഒൻപത് വർഷം കൊണ്ട് കൈവരിച്ചത് മികച്ച നേട്ടങ്ങളാണെന്നെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പാറശാല ഗവ. താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ആധുനിക ചികിത്സാ സൗകര്യങ്ങളോട് കൂടിയ ഹൈടെക് മന്ദിര സമുച്ചയവും പുതിയ ഡയാലിസിസ് യൂണിറ്റും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസനവും ക്ഷേമവുമാണ് സർക്കാർ ലക്ഷ്യമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ് അധ്യക്ഷത വഹിച്ചു. ആശുപത്രിയുടെ വികസനത്തിനായി 153 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 44 കോടി രൂപയുടെ വികസന പ്രവർത്തനമാണ് പൂർത്തീകരിച്ചത്. 33 കോടി രൂപ കെട്ടിടനിർമാണത്തിനും 11 കോടി രൂപ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനായുമാണ് വകയിരുത്തിയത്.

സംസ്ഥാനത്തെ ഇതര മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളോടൊപ്പം കിടപിടിക്കുന്ന എസ്കലേറ്ററും ലിഫ്റ്റും ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. പാറശാല ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടുകൂടിയാണ് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. കിഫ്ബിയുടെ ധനസഹായത്തോടെ ഒന്നാം ഘട്ടമായി 33 കോടി രൂപ അടങ്കലിൽ നാല് നിലകളിലായി എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടി ലിഫ്റ്റ്, എസ്കലേറ്റർ, ട്രോമ കെയർ ഉൾപ്പെടെയുള്ള മൾട്ടി സ്പെഷ്യലിറ്റി സംവിധാനങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. നിലവിലുണ്ടായിരുന്ന പഴയ ഒപി കെട്ടിടം പൊളിച്ചു മാറ്റി പകരം മൂന്നു നിലകളിലായി എല്ലാവിധ ആധുനിക സംവിധാനങ്ങളോടു കൂടി ട്രോമാകെയർ ഉൾപ്പെടെയുള്ള മൾട്ടി–സ്പെഷ്യാലിറ്റി ബ്ലോക്കാണ് ആദ്യഘട്ടത്തിൽ നിർമ്മിച്ചത്. ഗ്രൗണ്ട് ഫ്ളോറിൽ 14 ബെഡുകളോടുകൂടിയ കാഷ്വാലിറ്റി ട്രൈയേജ് വിഭാഗം, 10 ബെഡുകളോടു കൂടിയ നിരീക്ഷണ വിഭാഗം, മൈനർ ഓപ്പറേഷൻ തിയേറ്റർ, ഇസിജി റൂം, എക്സ്–റേ മുറി, കൺസൾട്ടേഷൻമുറി,വാക്സിനേഷൻ മുറി, നെബുലൈസേഷൻ മുറി, ഓർത്തോപ്രൊസീജിയർ മുറി, ഇഞ്ചക്ഷൻ മുറി, അൾ ട്രാസൗണ്ട് സ്കാനിങ് മുറി, ടോയ്‌ലറ്റ് സംവിധാനം എന്നിവയാണ് ഒരുക്കിയിട്ടുള്ളത്.

ഒന്നാമത്തെ നിലയിൽ വിവിധ ഒപി ഡിപ്പാർട്ട്മെന്റുകൾക്കുള്ള സൗകര്യങ്ങളാണ് ക്രമീകരിച്ചിട്ടുള്ളത്. ഇതിനുപുറമേ സെൻട്രൽ ലബോറട്ടറി, ബ്ലഡ് സാമ്പിൾ കളക്ഷൻ ഏരിയ, ഫാർമസി, സ്റ്റാഫുകൾക്കുള്ള വിശ്രമമുറി, ടോയ്‌ലറ്റ് സംവിധാനം എന്നീ സൗകര്യങ്ങളും ലഭ്യമാണ് രണ്ടാമത്തെ നിലയിൽ 10 കിടക്കകളോടുകൂടിയ കൂടിയ ജനറൽ ഐസിയു, 11 കിടക്കകളോടുകൂടിയ സർജിക്കൽ ഐസിയു, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഓഫീസ് റൂം, മിനി കോൺഫറൻസ് ഹാൾ, സൂപ്രണ്ടിന്റെ മുറി, ഡോക്ടർമാർക്കും നേഴ്സുമാർക്കുള്ള ഡ്യൂട്ടി റൂമുകൾ, ടോയ്‌ലറ്റ് സംവിധാനം എന്നിവയാണ് ഒരുക്കിയിട്ടുള്ളത് മൂന്നാമത്തെ നിലയിൽ ഒരു മോഡുലാർ ഓപ്പറേഷൻ തിയേറ്ററും, രണ്ട് കൺവെർഷണൽ ഓപ്പറേഷൻ തിയേറ്ററും അഞ്ച് ബെഡുകളോടുകൂടിയ പ്രീ ഓപ്പറേഷൻ റൂമും, അഞ്ച് ബെഡുകളോടുകൂടിയ പോസ്റ്റ് ഓപ്പറേഷൻ വാർഡും, ഫാർമസി, സ്റ്റോർ, അനസ്തീഷ്യറൂം, സ്റ്റെറയിൽ പാക്കിങ് റൂം, സ്റ്റെറയിൽ സപ്ലൈറൂം, ജീവനക്കാർക്കുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ടോയ്‌ലറ്റ് സംവിധാനം എന്നിവയും ക്രമീകരിച്ചിട്ടുണ്ട്.

ഇതിനുപുറമേ ഡയാലിസിസ് യൂണിറ്റ്, മാതൃ ശിശു ബ്ലോക്ക്, ലേഡീസ് അമിനിറ്റി സെന്റർ, സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്, ഫ്രീസർ സൗകര്യത്തോടുകൂടിയ മോർച്ചറി, പവർ ലോൺട്രി, തുടങ്ങി വിവിധ മേഖലകളിലായി 9 കോടിയോളം രൂപയുടെ പ്രവർത്തനങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നടപ്പിലാക്കിയത്.

### ആധുനിക സൗകര്യങ്ങളോടെ പുതിയ ഡയാലിസിസ് യൂണിറ്റ്

പാറശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ 6 ഡയാലിസിസ് മെഷിനുകളാണ് ഉള്ളത് ദിവസവും 2 ഷിഫ്റ്റുകളിലായി 12 ഡയാലിസിസ് ആണ് ചെയ്ത് വരുന്നത്. പുതിയ 14 ഡയാലിസിസ് മെഷീനുകൾ കൂടി വരുന്നതോടെ ദിവസവും 28 ഡയാലിസിസ് അധികമായി ചെയ്യാൻ സാധിക്കും. പുതിയ ഡയാലിസിസ് ബ്ലോക്ക് പ്രവത്തന സജ്ജമാകുമ്പോൾ ആശുപത്രിയിൽ ദിവസവും രണ്ട് ഷിഫ്റ്റുകളിലായി 40 പേർക്ക് ഡയാലിസിസ് ചെയ്യാൻ സാധിക്കും, നിലവിലെ വെയ്റ്റിംഗ് ലിസ്റ്റിൽ നിന്നും മുഴുവൻ പേർക്കും ഡയാലിസിസ് നൽകാൻ ഇതിലൂടെ കഴിയും.

പുതിയ ഡയാലിസിസ് ബ്ലോക്കിനായി സംസ്ഥാന സർക്കാർ 2 കോടി രൂപയാണ് അനുവദിച്ചത്. രണ്ടു നിലകളിലായി നിർമ്മിച്ച ഈ കെട്ടിടത്തിന്റെ ആകെ വിസ്തീർണം 6400 ചതുരശ്രയടി ആണ്. ഗ്രൗണ്ട് ഫ്ലോറിൽ 14 ഡയാലിസിസ് യൂണിറ്റുകളും കൂടാതെ കൺസൾട്ടേഷൻ റൂം, വാട്ടർ സ്റ്റോറേജ് റൂം, സ്റ്റോർ റൂം, ആസിഡ് സ്റ്റോറേജ് റൂം, എന്നീ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

ഒന്നാം നിലയിൽ കൂട്ടിരിപ്പുകാർക്കുള്ള കാത്തിരിപ്പ് മുറി, ഡോക്ടർമാർക്കും നേഴ്സുമാർക്കുമുള്ള വിശ്രമമുറികൾ, കെമിക്കൽ സ്റ്റോറേജ് റൂം, സ്റ്റോർ റൂം, യു.പി.എസ് റൂം, എന്നിവയാണ് ഒരുക്കിയിട്ടുള്ളത്. ഭാവിയിൽ രണ്ടാം നിലയും പൂർത്തീകരിക്കത്തക്ക വിധത്തിലാണ് ഈ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ഡിസൈൻ ചെയ്തിരിക്കുന്നത്.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. റീന കെ ജെ റിപ്പോർട്ട് അവതരിപ്പിച്ചു. എം.എൽ.എമാരായ സി കെ ഹരീന്ദ്രൻ, കെ അൻസലൻ, വിൻസെന്റ്, വി ജോയി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ് കുമാർ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷിനേതാക്കൾ, കലാ സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# മികച്ച ആരോഗ്യകേന്ദ്രങ്ങൾ ഉറപ്പാക്കി കോട്ടയം




കോട്ടയം: ആധുനിക രീതിയിലുള്ള ഒ.പി. മുറിയും വിശാലമായ കാത്തിരിപ്പിടവുമായി സർക്കാർ ആതുരാലയങ്ങളുടെ സങ്കൽപ്പം തന്നെ മാറ്റി ജില്ലയിൽ സജ്ജമായത് 75 കുടുംബാരോഗ്യകേന്ദ്രങ്ങൾ. ഇവയിൽ 18 എണ്ണം ദേശീയ ക്വാളിറ്റി അംഗീകാരം (എൻ.ക്യൂ .എ.എസ്.) നേടിയെടുത്തു.

കഴിഞ്ഞ അഞ്ചുവർഷത്തിനിടെ കോട്ടയം ജില്ലയിൽ 15 കോടിയിലേറെ രൂപ ചെലവഴിച്ചാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്ര (എഫ്.എച്ച്.സി.) ങ്ങളാക്കി മാറ്റിയത്. ഒൻപതു കോടിയിലേറെ രൂപ ചെലവഴിച്ചു അഞ്ച് ആരോഗ്യ കേന്ദ്രങ്ങൾ കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന നിർമാണപ്രവൃത്തികൾ അതിവേഗം പുരോഗമിക്കുന്നു. ജില്ലയിലെ ഒൻപതു നിയോജക മണ്ഡലങ്ങളിലും പ്രാഥമിക തലത്തിൽ ഗുണനിലവാരമുള്ള ചികിത്സ ഉറപ്പാക്കുന്നതിന് കുടുംബാരോഗ്യ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

രജിസ്ട്രേഷൻ കൗണ്ടർ, പ്രഥമ പരിശോധനാ മുറി, മൂന്ന് ഒ.പി മുറികൾ, നിരീക്ഷണ മുറി, കണ്ണ് പരിശോധനാ മുറി, ഫാർമസി, ലാബ്, നെബുലൈസേഷൻ മുറി, മുലയൂട്ടൽ മുറി, ഡ്രസിങ് റൂം, വിശാലമായ രോഗി സൗഹൃദ കാത്തിരിപ്പിടം എന്നിവയ്ക്കൊപ്പം നഴ്സിംഗ് സ്റ്റേഷൻ, ഇ ഹെൽത്ത് സംവിധാനം, പൊതുജനങ്ങൾക്കും– ജീവനക്കാർക്കും പ്രത്യേകം ടോയ്‌ലറ്റുകൾ എന്നിവ അടക്കം ഒരുക്കിയാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നത്.

ടിവി പുരം കുടുംബാരോഗ്യകേന്ദ്രം–1.96 കോടി രൂപ, ഞീഴൂർ കാട്ടാമ്പാക്ക് കുടുംബാരോഗ്യകേന്ദ്രം–1 കോടി രൂപ, കോരുത്തോട് കുടുംബാരോഗ്യകേന്ദ്രം–3.65 കോടി, കാളകെട്ടി കുടുംബാരോഗ്യകേന്ദ്രം 1.50 കോടി രൂപ, വാകത്താനം കുടുംബാരോഗ്യകേന്ദ്രം– 2.42 കോടി രൂപ എന്നിവയുടെ നവീകരണം അതിവേഗം പുരോഗമിക്കുകയാണ്.

നവകേരളം കർമപദ്ധതി രണ്ടിന്റെ ഭാഗമായി ജില്ലയിലെ 333 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളേയും ജനകീയ ആരോഗ്യകേന്ദ്രങ്ങളാക്കി. എല്ലാ കേന്ദ്രങ്ങളിലും മിഡ്‌ലെവൽ സർവീസ് പ്രൊവൈഡർ ജീവനക്കാരെയും നിയോഗിച്ചു. ജനകീയ ആരോഗ്യകേന്ദ്രങ്ങളിൽ പ്രാഥമിക ചികിത്സയ്ക്കായി 36 ഇനം മരുന്നുകൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യപരിശോധന, കൗമാര, വാർധക്യകാലത്തിലെ ആരോഗ്യപരിശോധന, ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ടു യോഗ, വ്യായാമം എന്നിവയ്ക്കായുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.



## ഇടുക്കിയുടെ BREAK THE SHELL

# കേൾക്കാം പിന്തുണയ്ക്കാം



ഇടുക്കി: യുവാക്കളുടെ മാനസികാരോഗ്യത്തിനുള്ള പുതിയ തുടക്കവുമായി 'ബ്രേക്ക് ദി ഷെൽ' കാമ്പയിന് ഇടുക്കി ജില്ലയിൽ തുടക്കം കുറിച്ചു. ലോക ആത്മഹത്യ പ്രതിരോധദിനാചരണത്തിന്റെ ഭാഗമായിട്ടാണ് ഇടുക്കി ജില്ലാ ആരോഗ്യവകുപ്പും, ആരോഗ്യകേരളവും ജില്ലാ മാനസീകാരോഗ്യ പരിപാടിയുടെയും നേതൃത്വത്തിൽ ഈ ക്യാമ്പയിൻ ആരംഭിച്ചിരിക്കുന്നത്. ജില്ലയിലെ വിവിധ കോളേജുകളിലൂടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി യുവാക്കളിലെ വിഷാദരോഗം എളുപ്പത്തിൽ കണ്ടെത്തുന്നതിനും മതിയായ ശ്രദ്ധ ഈ കാര്യത്തിൽ ജില്ലാ മാനസികാരോഗ്യ പദ്ധതിയിലൂടെ മനശാസ്ത്ര വിദഗ്ദ്ധരുടെ സഹകരണത്തോടെ നടപ്പാക്കുന്നതിനുമാണ് കാമ്പയിൻ ലക്ഷ്യമിടുന്നത്.

**ശ്രദ്ധയാകർഷിച്ച് 'ഹോപ്പ് വോൾ'**

'ബ്രേക്ക് ദി ഷെൽ' കാമ്പയിന്റെ ഭാഗമായി ജില്ലയിലെ കലാലയങ്ങളിൽ സ്ഥാപിക്കുന്ന 'ഹോപ്പ് വോൾ' എന്ന ആശയത്തിലൂടെ വിദ്യാർത്ഥികൾക്ക് തങ്ങളുടെ ചിന്തകളും സർഗാത്മ കഴിവുകളും മടിയില്ലാതെ പ്രിയപ്പെട്ട സുഹൃത്തിക്കളുമായി പങ്കുവെയ്ക്കാൻ സാധിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനവും കാമ്പയിന്റെ ഭാഗമായി നടന്നു. ഇതിനോടൊപ്പം ജില്ലാ മാനസികാരോഗ്യ വിദഗ്ധർ കാമ്പയിന്റെ ഭാഗമായി കോളേജുകളിൽ സ്ഥാപിക്കുന്ന 'ഹോപ്പ് വോൾ' മുഖേനയും കൗൺസിലിംഗ് സെഷനുകൾ മുഖേനയും വിഷാദരോഗത്തിന് സാദ്ധ്യതയുള്ളവരെ കണ്ടെത്തി തുടർ നടപടി നൽകുകയും ആത്മഹത്യ എന്ന ചിന്ത ഒഴിവാക്കുകയുമാണ് കാമ്പയിൻ ചെയ്യുന്നത്.



ആരോഗ്യകേരളത്തിന്റെ നേതൃത്വത്തിൽ എറണാകുളത്ത് സംഘടിപ്പിച്ച ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാരുടെ അവലോകന യോഗം

## നഗരവീഥിയിൽ

# രുചിഭേദമൊരുക്കി അർബൻ ഫ്ളേവേഴ്സ്



പനമ്പിള്ളി നഗറിനടുത്തുള്ള കസ്തൂർബ നഗറിൽ നിർമ്മാണം പൂർത്തീകരിച്ച അർബൻ ഫ്ളേവേഴ്സ് – ഫുഡ് സ്ട്രീറ്റ് പദ്ധതിയുടെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു.


എറണാകുളം: പനമ്പിള്ളി നഗറിനടുത്തുള്ള കസ്തൂർബ നഗറിൽ നിർമ്മാണം പൂർത്തീകരിച്ച അർബൻ ഫ്ളേവേഴ്സ് – ഫുഡ് സ്ട്രീറ്റ് പദ്ധതിയുടെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു. കേന്ദ്ര സർക്കാരിന്റെ 100 ഫുഡ് സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി, ദേശീയ ആരോഗ്യദൗത്യം അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ജിസിഡിഎയാണ് നിർമ്മാണം പൂർത്തീകരിച്ചത്.

വഴിയോര ഭക്ഷണശാലകളിൽ നിന്ന് പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കുകയാണ് ഫുഡ് സ്ട്രീറ്റിന്റെ ലക്ഷ്യം. സംസ്ഥാനത്ത് ആരംഭിക്കുന്ന നാല് ആധുനിക ഫുഡ് സ്ട്രീറ്റുകളിൽ ആദ്യത്തേത് എറണാകുളത്താണ്.

ദേശീയ ആരോഗ്യദൗത്യം, ജി.സി.ഡി.എ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, എഫ്.എസ്.എസ്.എ.ഐ, ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നിവയുടെ സംയുക്ത സംരംഭമാണ് ഈ പദ്ധതി. കേരളീയവും, ദേശീയ/അന്തർദേശീയവും ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ഭക്ഷണ രുചികൾ മാനദണ്ഡങ്ങൾ പാലിച്ച് ഇവിടെ ലഭ്യമാകും. 20 ഭക്ഷണശാലകൾ, ഡൈനിങ് സൗകര്യം, ശുചിമുറികൾ, മാലിന്യ സംസ്കരണം, സുരക്ഷാ സംവിധാനങ്ങൾ, പാർക്കിംഗ് തുടങ്ങി അവശ്യ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സംരംഭകർക്കും ഭക്ഷ്യ ടൂറിസത്തിനും രാത്രി ജീവിതത്തിനും പുതുജീവൻ നൽകി, സുരക്ഷിതവും ശുചിത്വവുമായ തെരുവ് ഭക്ഷണത്തിനുള്ള മാതൃകയായി അർബൻ ഫ്ളേവേഴ്സ് മാറും.

## 9 വയസ്സുകാരിക്ക്

# ഹൈപ്പോതൈറോയിഡിസം കണ്ടെത്തി ആർ.ബി.എസ്.കെ നഴ്സ്



തൃശ്ശൂർ: മറ്റത്തൂർ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രത്തിലെ ഭവ്യ കെ. അയ്യപ്പൻ എന്ന ആർ.ബി.എസ്.കെ നഴ്സിന്റെ അന്നത്തെ പ്രവർത്തി ദിനം ആരംഭിച്ചത് കൊടകര ജി.എൽ.പി സ്കൂളിലായിരുന്നു. സ്കൂളിലെ വിദ്യാർത്ഥികളുടെ സ്ക്രീനിങ്ങിനാണ് ഭവ്യ അവിടെ എത്തിയത്. നാലാം ക്ലാസ്സിലെ സ്ക്രീനിങ്ങിനിടയിൽ ഒരു പെൺകുട്ടിയുടെ വയറിന് പ്രത്യേകത തോന്നുകയും വയർ വലുതായി ഇരിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ചെയ്തു. ടീച്ചറുടെ സഹായത്തോടെ കുട്ടിയുടെ അമ്മയോട് സംസാരിച്ചതിൽ നിന്ന് കുട്ടിക്ക് ഇടക്കിടെ ഓക്കാനം വരാറുണ്ടെന്നും ബ്ലിഡിങ്ങ് വരാറുണ്ടെന്നും അമ്മയിൽ നിന്ന് അറിയാൻ സാധിച്ചു. തുടർ പരിശോധനകൾക്കായി കുട്ടിയെ ഗവ.മെഡിക്കൽ കോളേജിലേക്ക് കൊണ്ടു വന്നു. പീഡിയാട്രിഷ്യൻ രക്തം അടക്കം വിവിധ പരിശോധനകൾ നടത്താൻ ആവശ്യപ്പെടുകയും ബ്ലീഡിങ്ങ് ഉള്ളതിനാൽ ഗൈനക്കോളജി വിഭാഗത്തിൽ ഡോക്ടറെ കാണാൻ നിർദ്ദേശിക്കുകയും ചെയ്തു. ഗൈനക്കോളജിയിൽ കാൻസറടക്കം അറിയുന്നതിനുള്ള വിവിധ പരിശോധനകൾ നടത്തി സങ്കീർണതകൾ ഇല്ലെന്ന് ഉറപ്പ് വരുത്തി. രക്ത പരിശോധനയിൽ തൈറോയിഡ് ഹോർമോൺ കുറവ് കാണിച്ചതിനാൽ എൻക്രോണോളജിസ്റ്റിനെ കാണിക്കുകയും ഡോക്ടർ പരിശോധനാ റിസൾട്ടുകൾ കണ്ട് തൈറോയിഡ് ഹോർമോണിന്റെ കുറവായ ഹൈപ്പോതൈറോയിഡിസം എന്ന അവസ്ഥയിൽ ഇത്തരം ലക്ഷണങ്ങൾ ഉണ്ടാകുമെന്നും കൃത്യമായ ചികിത്സയുടെ പ്രാധാന്യവും മാതാപിതാക്കളെ ബോധ്യപ്പെടുത്തി. നിലവിൽ ഗവ.മെഡിക്കൽ കോളേജിൽ തുടർ ചികിത്സ നടത്തി വരുന്നു. ഒരു 9 വയസ്സുകാരിയുടെ ജീവിതത്തിൽ കണ്ടെത്താതെയും ചികിത്സിക്കാതെയും ഇരുന്ന ഒരു രോഗാവസ്ഥ കണ്ടെത്തി, ചികിത്സ ലഭ്യമാക്കി ആരോഗ്യത്തിന്റെ നാഴികകല്ല് പാകുകയാണ് ഭവ്യ എന്ന ആർ.ബി.എസ്.കെ നഴ്സ്.



ആരോഗ്യ കേരളത്തിന്റെ ഭാവി... 'വിഷൻ 2031' തയ്യാർ

# സംസ്ഥാനത്തിന്റെ ഭാവി വികസന ലക്ഷ്യങ്ങൾ ചർച്ച ചെയ്യും : മന്ത്രി വീണാ ജോർജ്




കേരളത്തിന്റെ ഭാവി വികസന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും 2031ൽ സംസ്ഥാനം എങ്ങനെ ആയിരിക്കണമെന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിച്ച് ആശയങ്ങൾ ശേഖരിക്കുന്നതിനുമാണ് സംസ്ഥാനതല സെമിനാറുകൾ സംഘടിപ്പിക്കുന്നതെന്ന് ആരോഗ്യ വനിതാ-ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്. പത്തനംതിട്ട ജില്ലയിൽ ഒക്ടോബർ 14 ന് നടക്കുന്ന ആരോഗ്യ സെമിനാറിന്റെ ഭാഗമായി കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന സംഘാടകസമിതി രൂപീകരണ യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനതലത്തിൽ 33 വിഷയങ്ങളിലാണ് 'വിഷൻ 2031' എന്ന പേരിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നത്. ആരോഗ്യ, ഗതാഗത വകുപ്പുകളുടെ സെമിനാറുകളാണ് പത്തനംതിട്ട ജില്ലയിൽ നടക്കുന്നത്. ആരോഗ്യമേഖലയിൽ കഴിഞ്ഞ ഒമ്പത് വർഷത്തെ വികസന നേട്ടങ്ങൾ, നിലവിലുള്ള നയങ്ങൾ, സുപ്രധാന പദ്ധതികൾ എന്നിവ സെമിനാറിൽ അവതരിപ്പിക്കും. ശേഷം ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദഗ്ധ പാനൽ ചർച്ച നടക്കും. ചർച്ചയിൽ ഉരുത്തിരിയുന്ന ആശയങ്ങൾ ക്രോഡീകരിച്ച് മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭാവി വികസന നയം രൂപീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

സെമിനാറിന്റെ സുഗമമായ നടത്തിപ്പിന് മന്ത്രി വീണാ ജോർജ് ചെയർപേഴ്സണായി സംഘാടക സമിതി രൂപീകരിച്ചു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, ആന്റോ ആന്റണി എംപി, എം.എൽ.എമാരായ മാത്യു ടി തോമസ്, കെ യു ജനീഷ് കുമാർ, പ്രമോദ് നാരായൺ, നഗരസഭ ചെയർപേഴ്സൺമാർ, പ്ലാനിംഗ് ബോർഡ് എക്സ്പേർട്ട് അംഗം ഡോ. പി. കെ. ജമീല എന്നിവർ വൈസ് ചെയർപേഴ്സൺമാരാകും. ജില്ലാ കലക്ടർ എസ് പ്രേം കൃഷ്ണൻ ജനറൽ കൺവീനറും സബ് കലക്ടർ സുമിത് കുമാർ താക്കൂർ കൺവീനറുമാകും. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അരുൺ എസ് നായർ ജോയിന്റ് ജനറൽ കൺവീനറാകും. ആരോഗ്യവകുപ്പ് ഡയറക്ടർമാർ, ഭക്ഷ്യസുരക്ഷ കമ്മിഷണർ, ഡ്രഗ്സ് കൺട്രോളർ എന്നിവർ രക്ഷാധികാരികളാകും. ആരോഗ്യം, ഹോമിയോ, ഐ.എസ്.എം ജില്ലാ മെഡിക്കൽ ഓഫീസർമാർ, കോന്നി മെഡിക്കൽ കോളജ് പ്രിൻസിപ്പൽ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ, ജില്ലാ ഡ്രഗ്സ് ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി അസി. കമ്മിഷണർ എന്നിവർ ജോയിന്റ് കൺവീനർമാരാകും. ഇതിന് പുറമേ ജനപ്രതിനിധികൾ ചെയർപേഴ്സൺമാരായും ഉദ്യോഗസ്ഥർ കൺവീനർമാരായുമുള്ള സബ്കമ്മിറ്റികൾ സെപ്റ്റംബർ 25 ന് അകം രൂപീകരിക്കണമെന്നും മന്ത്രി നിർദേശിച്ചു.

അഡിഷണൽ ചീഫ് സെക്രട്ടറി ഡോ.രാജൻ ഖോബ്രഗഡെ (ഓൺലൈൻ), ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹാം, പത്തനംതിട്ട നഗരസഭ ചെയർപേഴ്സൺ അഡ്വ. ടി സക്കീർ ഹുസൈൻ, ജില്ലാ കലക്ടർ എസ്. പ്രേം കൃഷ്ണൻ, തിരുവല്ല സബ് കലക്ടർ സുമിത് കുമാർ താക്കൂർ, ആരോഗ്യവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബിബിൻ കെ ഗോപാൽ, ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യം ഡോ. എൽ അനിത കുമാരി, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എസ് ശ്രീകുമാർ, ജനപ്രതിനിധികൾ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കേരളത്തിന്റെ

# ആരോഗ്യമാതൃകകൾ നേരിട്ടറിയാൻ മഹാരാഷ്ട്ര ആരോഗ്യമന്ത്രിയും സംഘവും




മഹാരാഷ്ട്ര ആരോഗ്യമന്ത്രി പ്രകാശ് അബിത്കർ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരായ മംഗേഷ് ഷിൻഡെ, അംബദാസ് ഡിയോമാനെ, ജിതേന്ദ്ര കാലെ പാട്ടീൽ, അമോൽ ഷിൻഡെ എന്നിവരുടെ സംഘമാണ് കേരളത്തിൽ എത്തിയത്. സംസ്ഥാനം നടത്തി വരുന്ന പല വിജയകരമായ കാമ്പയിനുകൾ, പദ്ധതികൾ ഇവയെല്ലാം നിരീക്ഷിക്കാനും മനസ്സിലാക്കാനും ആരോഗ്യപ്രവർത്തകരുമായി സംവദിക്കാനുമാണ് ഇവർ എത്തിയത്. മഹാരാഷ്ട്ര ആരോഗ്യമന്ത്രിയും മറ്റ് ഉദ്യോഗസ്ഥരും നാഷണൽ ഹെൽത്ത് മിഷൻ സംസ്ഥാന ഓഫീസിൽ നടന്ന കോൺഫറൻസിൽ പങ്കെടുത്തു. അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ ഐ.എ.എസ് ഹ്രസ്വ ആമുഖം നൽകുകയും തുടർന്ന് കേരളത്തിന്റെ ആരോഗ്യ സംവിധാനം, സംരംഭങ്ങൾ, പ്രചാരണങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ എസ്.എം.ഡി ഡോ. വിനയ് ഗോയൽ ഐ.എ.എസ് വിശദീകരിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. റീന കെ.ജെ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. വിശ്വനാഥൻ, അഡീഷണൽ ഡയറക്ടർമാർ, എൻഎച്ച്എം സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ബിജോയ് ഇ, സ്റ്റേറ്റ് നോഡൽ ഓഫീസർമാർ, ഡ്രഗ് കൺട്രോളർ തുടങ്ങിയ ഉദ്യോഗസ്ഥരും കോൺഫറൻസിൽ പങ്കെടുത്തു.

വേളി എഫ്.എച്ച്.സി, പൂജപ്പുരയിലെ പഞ്ചകർമ ആയുർവേദ ആശുപത്രി, വലിയവിള ഹോമിയോ ഡിസ്പെൻസറി, പേരൂർക്കടയിലെ ജില്ലാ മോഡൽ ആശുപത്രി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സംഘം സന്ദർശനം നടത്തി. തുടർന്ന് മഹാരാഷ്ട്ര സംഘം സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജുമായി കൂടിക്കാഴ്ചയും നടത്തിയാണ് മടങ്ങിയത്.

4 കോടി രൂപയുടെ പദ്ധതികൾ

# വികസന കുതിപ്പിൽ പാരിപ്പള്ളി



കൊല്ലം: വികസന കുതിപ്പിൽ പാരിപ്പള്ളി ഗവണ്മെന്റ് മെഡിക്കൽ കോളേജ്. നാലുകോടി രൂപ ചിലവിൽ പൂർത്തിയാക്കിയ ലക്ഷ്യ ഉൾപ്പെടെയുള്ള വിവിധ പദ്ധതികളുടെ ഉദ്ഘാടനം ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണ ജോർജ് നിർവഹിച്ചു. സർക്കാർ മെഡിക്കൽ കോളേജിൽ ലക്ഷ്യ പദ്ധതിയുടെ ഭാഗമായി 1.39 കോടി രൂപ ചെലവഴിച്ചാണ് ഗൈനക് ബ്ലോക്ക്, എമർജൻസി ഓപ്പറേഷൻ തീയറ്റർ എന്നിവയുടെ നിർമാണം പൂർത്തീകരിച്ചത്. ഗർഭിണികൾക്ക് പ്രസവ സമയത്തും ശേഷവും ഗുണ നിലവാരമുള്ള പരിചരണം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് ലക്ഷ്യ. ലോകോത്തര നിലവാരത്തിൽ പ്രസവ ചികിത്സ, അമ്മയ്ക്കും കുഞ്ഞിനുമുള്ള ശുശ്രൂഷ, അണുബാധ കുറയ്ക്കൽ, പ്രസവാനന്തര ശുശ്രൂഷ, ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുക, ചികിത്സക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുക, ഉന്നത നിലവാരത്തിലുള്ള പരിചരണം നൽകി രോഗിക്ക് പൂർണ സംതൃപ്തി നൽകുക എന്നിവയാണ് ലക്ഷ്യ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനു പുറമെ ഒൻപതോളം പദ്ധതികളും ഉദ്ഘാടനം ചെയ്തു.

- 40 ലക്ഷം രൂപ (ആശുപത്രി വികസന സമിതി) ചിലവഴിച്ചു 23 റൂമുകൾ സജ്ജമാക്കുന്ന എച്.ഡി.എസ് പേ വാർഡ് പദ്ധതി
- 45 ലക്ഷം രൂപ ചിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എച്.ഡി.എസ് പേയിങ് ഫാർമസി പദ്ധതി. ഏറ്റവും വില കുറവിൽ ഗുണമേന്മയുള്ള മരുന്നുകൾ എല്ലാ ആശുപത്രികൾക്കും, പൊതു ജനങ്ങൾക്കും ലഭ്യമാക്കുക എന്നുള്ള ലക്ഷ്യത്തോടെ 40 ലക്ഷം രൂപ ചിലവിൽ P W D ഏജൻസിയായി ഡയ്നോഗസ്റ്റിക് ബ്ലോക്കിൽ സജ്ജമാക്കിയ വയോജന ക്ലിനിക്
- 74,08,875 രൂപ ചിലവഴിച്ചു സജ്ജമാക്കിയ ഡിജിറ്റൽ ഫ്ളൂറോ സ്കോപ്പി മെഷീൻ
- മാനസിക വൈകല്യമുള്ള വ്യക്തികളുടെ സാമൂഹികവും ശാരീരികവും മാനസികവുമായ പുനരുദ്ധാരണത്തിനായി 50000 രൂപ ചിലവഴിച്ചു സജ്ജമാക്കിയ ഷട്ടിൽ കോർട്ട് അടങ്ങിയ സൈക്കൊ സോഷ്യൽ റീഹാബിലിറ്റേഷൻ പാർക്ക്
- പീഡിയാട്രിക് വിഭാഗത്തിന് കീഴിൽ ശാരീരികവും മാനസികവും ബൗദ്ധികപരവുമായിട്ടുള്ള വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ചികിത്സയും കൗൺസിലിംഗും സേവനങ്ങളും നൽകാൻ ചിറകു- ചൈൽഡ് ഡെവലപ്മെന്റ് സെന്റർ
- നാഷണൽ സർവീസ് സ്കീമിന്റെയും പി.ടി.എ യുടെയും അധ്യാപകരുടെയും സംയുക്ത സംരംഭമായി പ്രകൃതി സൗഹൃദ അന്തരീക്ഷത്തിൽ മനോഹരവുമായ പുൽ തകിടികൾക്കിടയിൽ 120 പേർക്ക് ഒരേ സമയം ഇരുന്നു പഠനത്തിനും ഗവേഷണത്തിനും വിനോദത്തിനും ഉതകുന്ന ബോധിക ആക്കാദമിക് പാർക്ക് & പബ്ലിക് ലൈബ്രറി
- ബയോകെമിസ്ട്രി ലാബിൽ 40 ലക്ഷം രൂപ ചിലവിൽ സജ്ജമാക്കിയ Fully Automated Random Access Clinical Chemistry Analizer XL 1000

മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിലായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കായിക ക്ഷമത ഉറപ്പാക്കുവാനും പുകയില മറ്റു ലഹരി വസ്തുക്കളിൽ നിന്നും അവരെ വഴിതിരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഇൻഡോർ ക്രിക്കറ്റ് ആസ്ട്രേടർഫ്.

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സഹായത്തോടെ

# പ്ലസ് ടു പഠനം പൂർത്തീകരിച്ച് 91 ആശമാർ

**ബിന്ദു.സി.എസ്.എന്ന ആശയുടെ അനുഭവ കഥയിലൂടെ**

തൃശൂർ: ഏവർക്കും വലിയ സ്വപ്നങ്ങൾ ഉണ്ട്. ചിലതൊക്കെ ചെറുപ്പത്തിൽ നടപ്പാകുന്നു. ചിലത് വളരെയധികം കാലതാമസം നേരിട്ടാലും ഒരിക്കലും മനസ്സിൽ നിന്നും അകലാത്തതുമാണ്. ഇന്ന് നിങ്ങളുടെ മുന്നിൽ ഞാൻ നിൽക്കുന്നത് വലിയ അഭിമാനത്തോടെയാണ്. ഞാൻ ഒരു വീട്ടമ്മ, അമ്മ, അമ്മൂമ്മ, ആരോഗ്യപ്രവർത്തക എന്ന നിലയിൽ എന്റെ പ്ലസ് ടു പഠനം 51 –ാം വയസ്സിൽ വിജയകരമായി പൂർത്തിയാക്കി. എല്ലാവർക്കും ഇത് അത്ര വലിയ കാര്യമായി തോന്നണമെന്നില്ല. പക്ഷേ ഇത് എന്റെ ജീവിതത്തിലെ വലിയ നേട്ടമാണ്.

ജീവിതം ഒരുപാട് ചുമലതകളിലൂടെയാണ് കടന്ന് പോയത്. വീട്ടു പണികളും കുട്ടികളുടേയും കുടുംബത്തിന്റേയും ചുമതലകളും ആരോഗ്യപ്രവർത്തക എന്നതിന്റെ ഉത്തരവാദിത്വങ്ങളും. എങ്കിലും പഠനം നിന്നു പോയതിന്റെ നിരാശ മനസ്സിൽ ഉണ്ടായിരുന്നു. എന്റെ തുടർ പഠനം സാധ്യമാക്കാൻ ആദ്യ തിരി ഇട്ട് തന്ന ദേശീയ ആരോഗ്യദൗത്യത്തിനും ആശ ജില്ലാ കോ–ഓർഡിനേറ്റർക്കും നന്ദി അറിയിക്കുന്നു. ഈ വഴി സുന്ദരമെന്ന് പറയാൻ കഴിയില്ല. വീട്ടിലെ ബാധ്യതകൾക്കൊപ്പം ജോലിയും പഠനവും ചെയ്യേണ്ടി വന്നു. തലവേദനയും ഉറക്കകുറവും ഉള്ള രാത്രികൾ. ക്ലാസ്സ് റൂമിൽ തുടക്കക്കാരിയായി ചെറുപ്പക്കാരെ കൂടെ കണ്ട് പഠിക്കേണ്ട അവസ്ഥയും. എന്നാൽ എല്ലാം അതിജീവിക്കാൻ സഹായിച്ചത് എന്റെ കുടുംബവും സുഹൃത്തുക്കളും ആശ പ്രവർത്തകരുമായിരുന്നു. പഠന സമയത്ത് കൂടെ നിന്ന് ഊർജ്ജം നൽകിയതും പരീക്ഷയോടുള്ള എന്റെ ഭയം മാറ്റി തന്നതും ഒക്കെ സിന്ധു ടീച്ചറാണ്. ഇന്ന് ഞാൻ ഈ വിജയത്തിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ അതിൽ അതിയായ സന്തോഷവും കടപ്പാടുമുണ്ട്. ഒരു അപകടത്തിൽപ്പെട്ട സഹപാഠിയേയും വയോധികനെയും എത്രയും പെട്ടെന്ന് ആശുപത്രിയിൽ എത്തിക്കുന്നതിനും സഹായിക്കുന്നതിനും സാധിച്ചതിൽ ആരോഗ്യപ്രവർത്തക എന്ന നിലയിൽ എനിക്ക് അഭിമാനമുണ്ട്. ഒപ്പം തന്നെ പ്ലസ് ടു പഠനം പൂർത്തീകരിച്ച സന്തോഷത്തിൽ എന്റെ സഹോദരൻ വാങ്ങിതന്ന സ്മാർട്ട് ടി വി ആരോഗ്യകേന്ദ്രത്തിന് നൽകുമ്പോൾ എന്റെ വിജയം കൂടുതൽ ആവേശകരമാകുന്നു.



**ആർദ്രകേരളം പുരസ്കാരം 2023–24ന് അർഹരായ ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി/ ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമപഞ്ചായത്തുകൾ**

**സംസ്ഥാനതല അവാർഡ് – ഒന്നാം സ്ഥാനം**

- ഗ്രാമ പഞ്ചായത്ത് – വെള്ളിനേഴി, പാലക്കാട് ജില്ല (10 ലക്ഷം രൂപ)
- ബ്ലോക്ക് പഞ്ചായത്ത് – പള്ളുരുത്തി, എറണാകുളം ജില്ല (10 ലക്ഷം രൂപ)
- ജില്ലാ പഞ്ചായത്ത് – ഇടുക്കി ജില്ല (10 ലക്ഷം രൂപ)
- മുനിസിപ്പാലിറ്റി – ഗുരുവായൂർ മുനിസിപ്പാലിറ്റി, തൃശൂർ ജില്ല (10 ലക്ഷം രൂപ)
- മുനിസിപ്പൽ കോർപ്പറേഷൻ – തിരുവനന്തപുരം (10 ലക്ഷം രൂപ)

**സംസ്ഥാനതല അവാർഡ് – രണ്ടാം സ്ഥാനം**

- ഗ്രാമ പഞ്ചായത്ത് – മണീട്, എറണാകുളം ജില്ല (7 ലക്ഷം രൂപ)
- ബ്ലോക്ക് പഞ്ചായത്ത് – നീലേശ്വരം, കാസറഗോഡ് ജില്ല (5 ലക്ഷം രൂപ)
- ജില്ലാ പഞ്ചായത്ത് – പത്തനംതിട്ട ജില്ല (5 ലക്ഷം രൂപ)
- മുനിസിപ്പാലിറ്റി – മട്ടന്നൂർ മുനിസിപ്പാലിറ്റി, കണ്ണൂർ ജില്ല (5 ലക്ഷം രൂപ)
- മുനിസിപ്പൽ കോർപ്പറേഷൻ – കൊല്ലം (5 ലക്ഷം രൂപ)

**സംസ്ഥാനതല അവാർഡ് – മൂന്നാം സ്ഥാനം**

- ഗ്രാമ പഞ്ചായത്ത് – നൂൽപ്പുഴ, വയനാട് ജില്ല (6 ലക്ഷം രൂപ)
- ബ്ലോക്ക് പഞ്ചായത്ത് – ചേളന്നൂർ, കോഴിക്കോട് ജില്ല (3 ലക്ഷം രൂപ)
- ജില്ലാ പഞ്ചായത്ത് – കണ്ണൂർ ജില്ല (3 ലക്ഷം രൂപ)
- മുനിസിപ്പാലിറ്റി – കൽപ്പറ്റ മുനിസിപ്പാലിറ്റി, വയനാട് ജില്ല (3 ലക്ഷം രൂപ)

**ജില്ലാ തലം – ഗ്രാമ പഞ്ചായത്ത് അവാർഡ്**

**തിരുവനന്തപുരം**
ഒന്നാം സ്ഥാനം – കരകുളം (5 ലക്ഷം)
രണ്ടാം സ്ഥാനം – കൊല്ലയിൽ (3 ലക്ഷം)
മൂന്നാം സ്ഥാനം – ആനാട് (2 ലക്ഷം)

**കൊല്ലം**
ഒന്നാം സ്ഥാനം – ആലപ്പാട് (5 ലക്ഷം)
രണ്ടാം സ്ഥാനം – ശൂരനാട് സൗത്ത് (3 ലക്ഷം)
മൂന്നാം സ്ഥാനം – പനയം (2 ലക്ഷം)

**പത്തനംതിട്ട**
ഒന്നാം സ്ഥാനം – ഏഴംകുളം (5 ലക്ഷം)
രണ്ടാം സ്ഥാനം – കൊടുമൺ (3 ലക്ഷം)
മൂന്നാം സ്ഥാനം – കോയിപ്പുറം (2 ലക്ഷം)

**ആലപ്പുഴ**
ഒന്നാം സ്ഥാനം – പാണാവള്ളി (5 ലക്ഷം)
രണ്ടാം സ്ഥാനം – വീയപുരം (3 ലക്ഷം)
മൂന്നാം സ്ഥാനം – തുറവൂർ (2 ലക്ഷം)

**കോട്ടയം**
ഒന്നാം സ്ഥാനം – വാഴൂർ (5 ലക്ഷം)
രണ്ടാം സ്ഥാനം – കാണക്കാരി (3 ലക്ഷം)
മൂന്നാം സ്ഥാനം – വെളിയന്നൂർ (2 ലക്ഷം)

**ഇടുക്കി**
ഒന്നാം സ്ഥാനം – രാജകുമാരി (5 ലക്ഷം)
രണ്ടാം സ്ഥാനം – കരിങ്കുന്നം (3 ലക്ഷം)
മൂന്നാം സ്ഥാനം – കുടയത്തൂർ (2 ലക്ഷം)

**എറണാകുളം**
ഒന്നാം സ്ഥാനം – രായമംഗലം (5 ലക്ഷം)
രണ്ടാം സ്ഥാനം – പൈങ്ങോട്ടൂർ (3 ലക്ഷം)
മൂന്നാം സ്ഥാനം – കീഴ്മാട് (2 ലക്ഷം)

**തൃശൂർ**
ഒന്നാം സ്ഥാനം – കാറളം (5 ലക്ഷം)
രണ്ടാം സ്ഥാനം – കൊടകര (3 ലക്ഷം)
മൂന്നാം സ്ഥാനം – മണലൂർ (2 ലക്ഷം)

**പാലക്കാട്**
ഒന്നാം സ്ഥാനം – പെരുവമ്പ (5 ലക്ഷം)
രണ്ടാം സ്ഥാനം – പൂക്കോട്ടുകാവ് (3 ലക്ഷം)
മൂന്നാം സ്ഥാനം – കരിമ്പ (2 ലക്ഷം)

**മലപ്പുറം**
ഒന്നാം സ്ഥാനം – വഴിക്കടവ് (5 ലക്ഷം)
രണ്ടാം സ്ഥാനം – ചാലിയാർ (3 ലക്ഷം)
മൂന്നാം സ്ഥാനം – പോത്തുകല്ല് (2 ലക്ഷം)

**കോഴിക്കോട്**
ഒന്നാം സ്ഥാനം – കാക്കൂർ (5 ലക്ഷം)
രണ്ടാം സ്ഥാനം – പനങ്ങാട് (3 ലക്ഷം)
മൂന്നാം സ്ഥാനം – ചക്കിട്ടപാറ (2 ലക്ഷം)

**വയനാട്**
ഒന്നാം സ്ഥാനം – ഇടവക (5 ലക്ഷം)
രണ്ടാം സ്ഥാനം – മുട്ടിൽ (3 ലക്ഷം)
മൂന്നാം സ്ഥാനം – മൂപ്പൈനാട് (2 ലക്ഷം)

**കണ്ണൂർ**
ഒന്നാം സ്ഥാനം – കോട്ടയം (5 ലക്ഷം)
രണ്ടാം സ്ഥാനം – കതിരൂർ (3 ലക്ഷം)
മൂന്നാം സ്ഥാനം – അഞ്ചരക്കണ്ടി (2 ലക്ഷം)

**കാസറഗോഡ്**
ഒന്നാം സ്ഥാനം – കയ്യൂർ ചീമേനി (5 ലക്ഷം)
രണ്ടാം സ്ഥാനം – കിനാനൂർ കരിന്തളം (3 ലക്ഷം)
മൂന്നാം സ്ഥാനം – ബെല്ലൂർ (2 ലക്ഷം)

# ആർദ്ര കേരളം പുരസ്കാരം 2023–24 പ്രഖ്യാപിച്ചു

തിരുവനന്തപുരം: ആരോഗ്യ മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആർദ്ര കേരളം പുരസ്കാരം 2023–24 ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. ആരോഗ്യ വകുപ്പിന്റെ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ പദ്ധതി ആരോഗ്യ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. 2023–24 സാമ്പത്തിക വർഷം ആരോഗ്യ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1692.95 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ആരോഗ്യ വകുപ്പിന്റേയും മറ്റ് അനുബന്ധ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും കൂട്ടായ്മ സാധ്യമാക്കാനും കേരളത്തിന്റെ ആരോഗ്യ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്താനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.

ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെയാണ് പുരസ്കാരം നൽകുന്നതിനായി പരിഗണിക്കാവുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യ മേഖലയിൽ ചെലവഴിച്ച തുക, സാന്ത്വന പരിചരണ പരിപാടികൾ, കായകൽപ്പ് സ്കോർ, ഹെൽത്ത് ഗ്രാന്റ് വിനിയോഗം, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ച്, മുൻഗണനാ പട്ടിക തയ്യാറാക്കുകയും, പുരസ്കാരത്തിനായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഇത് കൂടാതെ പ്രതിരോധ കുത്തിവെപ്പ്, വാർഡുതല പ്രവർത്തനങ്ങൾ, പ്രാദേശിക ആരോഗ്യ ആവശ്യങ്ങൾക്ക് അനുസൃതമായ നൂതന ഇടപെടലുകൾ സാമൂഹിക ഘടകങ്ങളായ ശുചിത്വം, മാലിന്യ പരിപാലനം, പ്രാണി നിയന്ത്രണം, ജീവിത ശൈലി ക്രമീകരണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ, മോഡേൺ മെഡിസിൻ, ആയുർവേദ, ഹോമിയോ മേഖലകളിലുള്ള ദേശീയ സംസ്ഥാന ആരോഗ്യ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പ് എന്നിവയും പുരസ്കാരത്തിന് വേണ്ടി വിലയിരുത്തുന്ന ഘടകങ്ങളാണ്.

**വാക്ക് പാലിച്ച് ആരോഗ്യവകുപ്പ്**

# കരുവാറ്റയിലും ചേപ്പാടിലും കുടുംബാരോഗ്യകേന്ദ്രം

ആലപ്പുഴ: മുഴുവൻ പഞ്ചായത്തുകളിലെയും ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റും എന്ന ആരോഗ്യവകുപ്പിന്റെ വാക്ക് യാഥാർഥ്യമാകുന്നു. ആർദ്രം പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ ഉറപ്പാക്കുന്നത് ഗുണനിലവാരമുള്ള ചികിത്സയെന്ന് ആരോഗ്യ, വനിതാ, ശിശുക്ഷേമവകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ചേപ്പാട് പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ജനകീയ ലാബിന്റെയും ഉദ്ഘാടനം പഞ്ചായത്ത് അങ്കണത്തിൽ നടന്ന ചടങ്ങിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ചടങ്ങിൽ രമേശ് ചെന്നിത്തല എംഎൽഎ അധ്യക്ഷനായി. ചേപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം കെ വേണുകുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജമുനാ വർഗീസ്, ദേശീയ ആരോഗ്യ മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കോശി സി പണിക്കർ, പഞ്ചായത്ത് സെക്രട്ടറി ജി മനോജ്, മെഡിക്കൽ ഓഫീസർ റെയ്ന തോമസ്, മുൻ മെഡിക്കൽ ഓഫീസർ ഡോ. എ ഷിനു, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**കരുവാറ്റയിൽ കുടുംബാരോഗ്യകേന്ദ്രം**

കരുവാറ്റ ഗ്രാമ പഞ്ചായത്ത് കുടുംബാരോഗ്യകേന്ദ്രം നിർമ്മാണോദ്ഘാടനം കടുവൻ കുളങ്ങര ജംഗ്ഷൻ സമീപം നടന്ന ചടങ്ങിൽ ആരോഗ്യ, വനിതാ ശിശുക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിച്ചു. നിലവിൽ 885 ആരോഗ്യകേന്ദ്രങ്ങളിൽ 748 എണ്ണവും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റി. ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ സൗജന്യമായി ലഭ്യമാക്കുകയാണ് സർക്കാർ ലക്ഷ്യം. 2022 മുതൽ സൗജന്യ കരൾ മാറ്റിവെയ്ക്കൽ ശാസ്ത്രക്രിയ, മജ്ജമാറ്റിവെയ്ക്കൽ ശാസ്ത്രക്രിയ എന്നിവ സർക്കാർ ആരംഭിച്ചുവെന്ന് മന്ത്രി പറഞ്ഞു

ചടങ്ങിൽ രമേശ് ചെന്നിത്തല എംഎൽഎ അധ്യക്ഷനായി. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രുഗ്മിണി രാജു, കരുവാറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ് സനിൽകുമാർ, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷൻ അഡ്വ. റ്റി എസ് താഹ, ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷൻ അഡ്വ. എം എം അനസ് അലി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജമുന വർഗ്ഗീസ്, എൻഎച്ച്എം ജില്ലാ പ്രോഗ്രാം മാനേജർ കോശി സി പണിക്കർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.